21
2024
ഫെബ്രുവരി
ബുധൻ
കുംഭം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.135 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-135 പേജ് 4. വില 2.00 രൂപ

02 ടി. പി കേസിലെ മാസ്റ്റർ ബ്രെയിൻ പിണറായി; പല ഉന്നതരും കുടുങ്ങുമായിരുന്നുവെന്നും ചെന്നിത്തല
03 കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലോകമാതൃഭാഷാ ദിനാചരണം
04 ബിജെപി നൂറ് സീറ്റ് കടക്കില്ല, അധികാരത്തിൽ നിന്ന് പുറത്താക്കപ്പെടും' ഖാർഗെ

# വിഴിഞ്ഞം ക്രൂചെയിംഞ്ച് മുഖ്യമന്ത്രി ഇടപെടുമോ...

**യേശുദാസ് വില്യം**

തിരുവനന്തപുരം : വിഴിഞ്ഞം ക്രൂ ചെയിംഞ്ച് പുനരാരംഭിക്കുവാൻ ആരാണ് മുന്നിൽ നിൽക്കേണ്ടത് .സ്വാഭാവികമായും വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ നിയന്ത്രണം കൈയ്യിലുള്ള മാരിടൈംബോർഡും അതുവഴി സർക്കാരുമാണ് കാര്യങ്ങൾ ക്രമീകരിക്കേണ്ടത്.എന്നാൽ ഇവിടെ കാര്യങ്ങൾ നേരെ മറിച്ചാണ്.കോവിഡ് മാനദണ്ഡങ്ങൾ നിലവിലുണ്ടായിരുന്നപ്പോൾ അതിന്റെ പേരിൽ എമിഗ്രേഷൻ വകുപ്പ് നിർത്തലാക്കിയ ക്രൂചെയിംഞ്ച് പിന്നിട് ലോകത്തെമ്പാടും പുനരാരംഭിച്ചപ്പോൾ വിഴിഞ്ഞത്തുമാത്രം ആ പദ്ധതി തുടർന്നില്ല.നൂറുകണക്കിനു പേർക്ക് തൊഴിലും സർക്കാരിന് കോടികളുടെ വരുമാനവും ലഭിക്കേണ്ടിയിരുന്ന പദ്ധതി രണ്ടരക്കൊല്ലത്തോളമായി ശൂന്യതയിലായി.എങ്ങിനെയാണ് നടന്നുകൊണ്ടിരുന്ന ഒരു പദ്ധതിയും വരുമാനവും സൽപേരും രാജ്യാന്തരതലത്തിൽ തന്നെ നശിപ്പിച്ചുകളയാൻ ഉദ്യോഗസ്ഥ ലോബികൾക്ക് സാധിക്കുമെന്ന് ക്രൂചെയിംഞ്ച് അട്ടിമറിക്കപ്പെട്ടതിലൂടെ പകലുപോലെ വ്യക്തമാവും.



രണ്ടുകൊല്ലം മുൻപ് ക്രൂ ചെയിംഞ്ച് നിർത്തലാക്കിയ എമിഗ്രേഷൻ വകുപ്പിന്റെ നടപടിയ ചോദ്യം ചെയ്തുകൊണ്ട് സ്റ്റീമർ ഏജന്റെസ് അസ്സോസിയേഷനും,അതിന്റെ സെക്രട്ടറിയും ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജി കോടതി അന്ത്യശാസനം നൽകിയിട്ടും തീർപ്പാകാതെ നിൽക്കുന്നു.ഹർജിക്കാർക്കു വേണ്ടി അവരുടെ അഭിഭാഷകനും ,കേന്ദ്ര സർക്കാരിനു വേണ്ടി ഡപ്യൂട്ടി സോളിസിറ്റർ ജനറലുമായുള്ള വാദം പൂർത്തിയായിട്ടും പദ്ധതിയെ എതിർത്തോ അനുകൂലിച്ചോ നടത്തിപ്പുകാരായ സർക്കാരിന്റെ അതായത് മാരിടൈംബോർഡിന്റെ സ്റ്റാൻഡിംഗ് കോൺസൽ ഇതുവരെ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

2024 ജനുവരി പതിനഞ്ചിന് അന്തിമ വാദത്തിനായി ഹർജി കോടതിയിൽ വന്നപ്പോൾ മാരിടൈം ബോർഡിന്റെ വക്കീൽ കോടതിയൽ ഹാജരുണ്ടായിരുന്നില്ല.അന്തിമമായി ഹർജി തീർപ്പാക്കുവാൻ സത്യവാങ്മൂലം സമർപ്പിക്കുവാൻ ഒരുമാസത്തെ സമയം കൂടി കോടതി നൽകി.തുടർന്ന് ഫെബ്രുവരി പതിനഞ്ചിന് അന്തിമ വാദത്തനായി കോടതി ചേർന്നപ്പോൾ എതിർ സത്യവാങ്മൂലം സമർപ്പിച്ചില്ലന്നു മാത്രമല്ല മാരിടൈംബോർഡിന്റെ സ്റ്റാൻഡിംഗ് കോൺസൽ ഹാജരായതുമില്ല.ഇതു വിരൽ ചൂണ്ടുന്നത് കോടികൾ വരുമാനം ലഭിക്കുന്നതും സ്വാഭാവികമായ സാഹചര്യം കൊണ്ടു ലോക മാരിടൈം ഭൂപടത്തിൽ കൊച്ചു കേരളത്തിനും വിഴിഞ്ഞത്തിനും ലഭിക്കാവുന്ന ഒരു പദ്ധതിയെ ഉൻമൂലനം ചെയ്യുകയെന്ന സവിശേഷമായ ബുദ്ധിയും ഇതിനു പിന്നിലുണ്ടെന്ന് ഉറപ്പായും ചൂണ്ടിക്കാട്ടപ്പെടുന്നു.



ഇത് ഉദ്യോഗസ്ഥ തലത്തിലെ കഴുപ്പുകെട്ട കളിയാണെങ്കിൽ അതിനെ രാഷ്ട്രീയ ഇച്ഛാശക്തികൊണ്ടു നേരിടുന്നമന്ത്രിമാരെ കേരളം കണ്ടിട്ടുണ്ട്. തുറമുഖമന്ത്രിമാർ ആ മേഖലയെക്കുറിച്ച് പ്രാവീണ്യം ഉള്ളവരാകണമെന്നില്ല.കാര്യങ്ങൾ പഠിച്ചു ചെയ്യുവാനാകും.നിർഭാഗ്യവശാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തു കടന്നപ്പള്ളിയും,പിന്നീട് അഹമ്മദ് ദേവർകോവിലും തുറമുഖ മന്ത്രിമാരായി.കേരളത്തിന്റെ വികസന സ്വപ്നങ്ങൾ ആഘോഷിക്കേണ്ട ഈ കാലയളവിൽ അവരൊന്നും പൂർത്തീകരിച്ചില്ല.മാത്രമല്ല കാര്യങ്ങൾ സങ്കീർണ്ണമാക്കി.ഇപ്പോൾ അവസാനത്തെ ലാപ്പിൽ വൻ പ്രതീക്ഷ ഉയർത്തിക്കൊണ്ട് സിപിഎം ന്റെ തന്നെ മന്ത്രിയായി വിഎൻ വാസവൻ തുറമുഖ മന്ത്രിയായി.ഇനിയെങ്കിലും മാറ്റം പ്രതീക്ഷിച്ചാണ് ക്രൂചെയിംഞ്ചിന്റെ നാൾവഴിയും കോടതിയിലെ മാരിടൈംബോർഡിന്റെ നിലപാടുമെല്ലാം സ്റ്റീമർ ഏജന്റെസ് മന്ത്രിയെ മന്ത്രിയെ ബോധ്യപ്പെടുത്തുകയും രേഖകൾ സമർപ്പിക്കുകയും ചെയ്തു.പുതിയ മന്ത്രിയുടെ ഉറപ്പുമായി കോടതിയലെത്തിയപ്പോൾ ഉണ്ടായതാണ് മേൽ പറഞ്ഞ അവസ്ഥ.

കോടതി ഈ മാസം ഇരുപത്തെട്ടിനു അന്തിമ വാദത്തിനായി കുറിച്ചിരിക്കുന്നു.പുതിയമന്ത്രിയിൽ പ്രതീക്ഷിച്ചു കാത്തിരിക്കാമെന്നല്ലാതെ മാരിടൈം ബോർഡിനെയും അതിന്റെ ചെയർമാനെയും കുറ്റപ്പെടുത്തരുത്.കാരണം അവർ കേരളതീരത്ത് വികസന കവാടം തുറക്കുവാൻ ഉടൻ തന്നെ ക്രൂയിസ് ഷിപ്പുകൾ കൊണ്ടുവരും അതിൽ ടിക്കെറ്റെടുത്താൽ ഡാൻസും ബാറും എല്ലാമുണ്ട്, കൊല്ലത്ത് എമിഗ്രേഷൻ കൗണ്ടർ തുറക്കും..കൊല്ലംദുബായി യാത്ര കപ്പൽ വരും,മൈനർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ട്രാവൽ സർക്യൂട്ടും ചരക്കു നീക്കവും നടത്തും എന്തെല്ലാം മോഹന സ്വപ്നങ്ങളാണ് ഇവർ പറയുന്നത്. .എന്നിട്ടാണ് എണ്ണൂറ് ഭീമൻ കപ്പലുകൾ ഔട്ടർ ആങ്കറേജിൽ വന്ന് അയ്യായിരത്തിലധികം ക്രൂവിനെ കയറ്റുകയും ഇറക്കുകയും ചെയ്ത (അതും കോവിഡ് കാലത്താണന്നോർക്കണം)നിലവിൽ എല്ലാക്കാലത്തും നിലനിൽക്കുന്ന ഭൂമിശ്സ്ത്രപരമായി വിഴിഞ്ഞത്തു മാത്രം സാധ്യമായ പദ്ധതി ഇല്ലായ്മ ചെയ്യുന്നത് ആർക്കുവേണ്ടിയാണ്. കഴിഞ്ഞില്ല,സർക്കാരിന് ക്രൂ ചെയിംഞ്ചംഗിലൂടെ കോടികൾ വരുമാനം ലഭിച്ചു.ടാക്സികൾ,ഹോട്ടലുകൾ,ട്രാവൽസ് തുടങ്ങി ചെറുകിട മേഖലകളിൽ ആയിരക്കണക്കിനു പേർക്ക് തൊഴിലും ലഭിച്ചു.

**വാൽക്കഷണം:** നിലവിൽ നിർത്തലാക്കിയിരിക്കുന്ന സർക്കാരിന്റെ വിഴിഞ്ഞം മൈനർ തുറമുഖത്തെ അഭിമാനകരമായ ക്രൂചെയിംഞ്ച് മുഖ്യമന്ത്രി ഇടപെട്ട് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തിയാൽ നിഷ്പ്രയാസം തീരുന്നതാണന്ന് എല്ലാവരും പറയുന്നു.

ഇക്കാര്യം മുഖ്യമന്ത്രിയോടു ചൂണ്ടിക്കാട്ടിയപ്പോൾ അങ്ങിനെ മുഖ്യമന്ത്രി ഇടപെടേണ്ട വിഷയമാണെങ്കിൽ തീർച്ചയായും ഇടപെടും.അതെ മുഖ്യമന്ത്രി ഇടപെടണം എന്നു തന്നെയാണ് എല്ലാവരും കരുതുന്നത്.

## സോണിയാ ഗാന്ധി രാജ്യസഭയിലേക്ക്; എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു

ന്യൂഡൽഹി: മുതിർന്ന കോൺഗ്രസ് നേതാവും മുൻ കോൺഗ്രസ് അധ്യക്ഷയുമായ സോണിയാ ഗാന്ധി രാജ്യസഭയിലേക്ക്. രാജസ്ഥാനിൽ നിന്നാണ് സോണിയാ ഗാന്ധി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടത്.

കാൽനൂറ്റാണ്ടു കാലത്തെ ലോക്സഭാ അംഗത്വത്തിന് വിരാമമിട്ടുകൊണ്ടാണ് സോണിയ രാജ്യസഭയിലേക്ക് മ



ത്സരിക്കുന്നത്. ഉത്തർപ്രദേശിലെ റായ്ബറേലിയിൽ നിന്നുള്ള നിലവിലെ ലോക്സഭാംഗം കൂടിയാണ് സോണിയ.

1999 മുതൽ അവർ റായ്ബറേലിയെ പ്രതിനിധീകരിക്കുന്നുണ്ട്. ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സോണിയയ്ക്ക് പകരം റായ്ബറേലിയിൽ പ്രിയങ്ക ഗാന്ധി മത്സരിച്ചേക്കും. രാഹുൽ ഗാന്ധിയുടെ പേരും ഉയർന്നുകേൾക്കുന്നുണ്ട്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ട്രയൽറൺ മേയ് മാസം മുതൽ

വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് മേയ് മാസം മുതൽ ട്രയൽ റൺ ആരംഭിക്കും. ഈ വർഷം അവസാനത്തോടെ കമ്മീഷനിംഗ് നടക്കുമെന്നും അധികൃതർ. മേയ് അവസാനത്തോടെ ചരക്കുകളുമായി കണ്ടെയ്നർ കപ്പലുകൾ തുറമുഖത്തടുക്കും. ഇതിനായി നിരവധി ഷിപ്പിംഗ് ഏജൻസികൾ സന്നദ്ധത അറിയിച്ചതായും ബന്ധപ്പെട്ടവർ പറയുന്നു.



കഴിഞ്ഞ വർഷം ഒക്ടോബർ 15 ന് ക്രെയിനുമായി വന്ന ആദ്യ വിദേശ കപ്പലിനെ തുറമുഖ വാർ ഫിൽ അടുപ്പിച്ചെങ്കിലും ഒരു ചരക്കു കപ്പൽ അടുപ്പിക്കാൻ നീണ്ട ഒൻപത് വർഷത്തോളം വേണ്ടി വരും. നിർമാണം തുടങ്ങി ആയിരം ദിവസത്തിനുള്ളിൽ കണ്ടെയ്നർ കപ്പൽ അടുപ്പിക്കുമെന്ന 2015 ഡിസംബർ അഞ്ചിലെ ഉദ്ഘാടന വേദിയിൽ നടത്തിയ പ്രഖ്യാപനത്തിന് ഇന്നു മൂവായിരം ദിവസം പൂർത്തിയാകുമ്പോഴും ലക്ഷ്യം കണ്ടില്ല. 2019ൽ പറഞ്ഞിരുന്ന ഒന്നാംഘട്ട പൂർത്തികരണം അഞ്ച് വർഷത്തിനുശേഷമെങ്കിലും ഫലപ്രാപ്തിയിലെത്തിക്കണമെന്ന ലക്ഷ്യത്തോടെ നിർമാണത്തിന് വേഗത കൂട്ടിയിട്ടുണ്ട്. 800 മീറ്ററിൽ വേണ്ട ബർത്തിൻറെ പകുതിയോളം പൂർത്തിയായി. സുരക്ഷാ കവചമായ പുലിമുട്ടിൻറെ നിർമാണം 2800 മീറ്റർ പിന്നിട്ടു. ഇനി ആവശ്യമായ പതിനേഴ് ക്രെയിനുകളുമായി മാർച്ച് അവസാനവും ഏപ്രിൽ ആദ്യവുമായി ചൈനയിൽ നിന്നുള്ള കപ്പലുകൾ അടുക്കും.

ക്രെയിനുകൾ സ്ഥാപിച്ച് മറ്റു നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രയൽ റൺ തുടങ്ങും. റോഡ്, റെയിൽ ഗതാഗതം സാധ്യമാകാത്തത് കണക്കിലെടുത്ത് ചരക്കുകൾ ചെറുകപ്പലുകളിൽ കടൽമാർഗം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെത്തിക്കും.

ഇനിയും വർഷങ്ങൾക്കു ശേഷമുള്ള രണ്ടാം ഘട്ട പൂർത്തീകരണ ത്തോടെയായിരിക്കും കരമാർഗമുള്ള ചരക്ക് ഗതാഗതം തുടങ്ങുക. എന്നാൽ കടൽഭാഗത്തെ നിർമാണത്തിനു വേഗത കൂടിയെങ്കിലും കരഭാഗത്ത് വികസനത്തിൻറെ യാതൊരു ലക്ഷണവും ഇല്ല താനും. ഒന്നും നടപ്പാകുന്നില്ലെങ്കിലും ഇപ്പോഴും അധികൃതരുടെ ഇടവിട്ടുള്ള പ്രഖ്യാപനങ്ങൾ തുടരുന്നുണ്ട്.

### വിജയ് പ്രകാശിന്റ പിറന്നാൾ ഫെബ്രുവരി ഇരുപത്തിയൊന്നാണ്

## സംഗീതത്തിലെ വിശ്വപ്രകാശ്

**മോഹൻ ശ്രീശൈലം**



പിന്നണി ഗായകനിൽ നിന്നും സംഗീത സംവിധാനത്തിലേക്കും പിന്നീട് സംഗീതത്തിൻെറ സമസ്ത മേ ഖലകളിലേക്കും പടർന്നു കയറിയ കലാകാരനാണ് വിജയ് പ്രകാശ്. ഹിന്ദി , മറാത്തി ഭാഷാ ചിത്രങ്ങൾക്ക് പുറമേ, പ്രധാനമായും കന്നഡ , തമിഴ് , തെലുങ്ക് ഭാഷാ ചിത്രങ്ങൾക്ക് അദ്ദേഹം ശബ്ദം നൽകിയിട്ടുണ്ട് . സക്കീർ ഹുസൈനൊപ്പം അദ്ദേഹം ഷോകൾ അവതരിപ്പിച്ചിട്ടുണ്ട് . ബ്യൂട്ടിഫുൾ മനസുഗലു എന്ന ചിത്രത്തിലെ 'നമ്മൂരല്ലി ചലിഗലദല്ലി' എന്ന ഗാനത്തിന് 2016ലെ കർണാടക സർക്കാരിന്റെ 'മികച്ച പിന്നണി ഗായകൻ' അവാർഡ് പ്രകാശ് നേടി .

2008 ലെ മികച്ച ഒറിജിനൽ ഗാനത്തിനുള്ള അക്കാദമി അവാർഡ് നേടിയ ' ജയ് ഹോ ' എന്ന ഗാനത്തിന് അംഗീകാരം ലഭിച്ച നാല് കലാകാരന്മാരിൽ ഒരാളാണ് അദ്ദേഹം . വിശേഷാൽ, ഗാനത്തിന്റെ അനേകം സന്ധികളിൽ അദ്ദേഹം 'ജയ് ഹോ' എന്ന പദങ്ങൾ ഉപയോഗിച്ചാണ് പാടിയത്. 'മോഷൻ പിക്ചറിനോ ടെലിവിഷനോ മറ്റ് ദൃശ്യമാധ്യമങ്ങൾക്കോ ??വേണ്ടി എഴുതിയ മികച്ച ഗാനം' എന്ന വിഭാഗത്തിൽ ഈ ഗാനം ഗ്രാമി അവാർഡും നേടി . കന്നഡ ചിത്രമായ ഉളിദവരു കണ്ടന്റെയിലെ ഗതിയ ഇല്ലിഡു , കിരിക് പാർട്ടിയിലെ ബെലഗെഡ്ഡു എന്നീ ഗാനങ്ങൾക്ക് രണ്ട് തവണ മികച്ച പുരുഷ പിന്നണി കലാകാരനുള്ള ഫിലിംഫെയർ അവാർഡും അദ്ദേഹം നേടിയിട്ടുണ്ട് . . സീ കന്നഡയിലെയും സീ തമിഴിലെയും കന്നഡ , തമിഴ് റിയാലിറ്റി ഷോയായ സാ രേ ഗ മ പായുടെ വിധികർത്താക്കളിൽ ഒരാളാണ് അദ്ദേഹം .

കർണാടക കലാകാരന്മാരായ ലോപാമുദ്രയുടെയും പരേതനായ എൽ. രാമശേഷയുടെയും മകനായി ഇന്ത്യയിലെ മൈസൂരിൽ ജനിച്ച അദ്ദേഹം കർണാടക സംഗീതത്തിൽ പരിശീലനം നേടിയിട്ടുണ്ട്. ബെല്ലാരി.എം.രാഘവേന്ദ്രയിൽ നിന്നാണ് അദ്ദേഹം കർണാടക ക്ലാസിക് സംഗീതം പരിശീലിപ്പിച്ചത്

2001 ൽ വിജയ് പ്രകാശ് മഹതി പ്രകാശിനെ വിവാഹം കഴിച്ചു, അവർക്ക് കാവ്യ പ്രകാശ് എന്നൊരു മകളുണ്ട്.

1996ൽ മുംബൈയിലേക്ക് താമസം മാറിയ ശേഷം സുരേഷ് വാഡ്കറുടെ ശിഷ്യനായി . സോനു നിഗം അവതാരകനായ സീ ടിവിയിലെ സാ രേ ഗാ മാ എന്ന പരിപാടിയിൽ പ്രകാശ് പങ്കെടുത്തിരുന്നു . 1999ൽ അദ്ദേ

(ശേഷം പേജ് 4)

### ഹൈറിച്ച് തട്ടിപ്പ്: പ്രതികളെ ഇഡി ചോദ്യം ചെയ്യുന്നു

കൊച്ചി: ഹൈറിച്ച് സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതി പ്രതാപൻ, ഭാര്യ ശ്രീന, സ്വർണക്കടത്തുകേസിലെ പ്രതി വിജേഷ് പിള്ള എന്നിവരെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) ചോദ്യം ചെയ്യുന്നു.

ഹൈറിച്ച് കമ്പനി ഉടമകളായ കെ ഡി പ്രതാപൻ, ശ്രീന എന്നിവർ ഇന്ന് രാവിലെ കൊച്ചിയിലെ ഇഡി ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരായി. തിങ്കളാഴ്ച ഇഡിക്കു മുന്നിൽ ഹാജരായ ഇരുവരെയും രാത്രി വൈകിയും ഇഡി ചോദ്യം ചെയ്തിരുന്നു. തൃശൂരിലെ വീട്ടിൽ ഇഡി റെയ്ഡിനെത്തുന്ന വിവരം അറിഞ്ഞത് മുതൽ ഒളിവിലായിരുന്നു.



# ടി. പി കേസിലെ മാസ്റ്റർ ബ്രെയിൻ പിണറായി; പല ഉന്നതരും കുടുങ്ങുമായിരുന്നുവെന്നും ചെന്നിത്തല

മാനന്തവാടി: മുഖ്യമന്ത്രി പിണറായി വിജയൻറെ അറിവോടെ ആസൂത്രണം ചെയ്യപ്പെട്ടതായിരുന്നു ടി. പി. ചന്ദ്രശേഖരൻറെ കൊലപാതകമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. ഭരണത്തിലുള്ളതു കൊണ്ട് മാത്രമാണ് സിപിഎം കൊലപാതക രാഷ്ട്രീയത്തിന് അവധി നല്കിയിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫോൺ കോൾ വിവരങ്ങൾ പൂർണമായി കിട്ടാതിരുന്നതാണ് ഗുഡാലോചനയിലേക്ക് അന്വേഷണം നീളാതിരുന്നതിന് കാരണമെന്നും ചെന്നിത്തല പറഞ്ഞു. സർവീസ് പ്രൊവൈഡർമാരോട് പൊലീസ് ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ കിട്ടിയിരുന്നില്ല. താൻ ആഭ്യന്തരമന്ത്രിയായ ഘട്ടത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചിരുന്നു. ഫോൺ കോൾ വിവരങ്ങൾ കിട്ടിയിരുന്നെങ്കിൽ പല ഉന്നതരും ടി. പി വധ ഗൂഡാലോചനയിൽ ഉൾപ്പെടുമായിരുന്നുവെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

എം. വി. ഗോവിന്ദൻ ഈ വിധിയെ സ്വാഗതം ചെയ്തതുതന്നെ അവർക്ക് ഈ കേസിലുള്ള പങ്ക് വ്യക്തമാക്കുകയാണ്. രണ്ടു പ്രതികളെക്കൂടി ഉൾപ്പെടുത്തി അവർക്ക് ശിക്ഷ വിധിക്കാൻ പോകുന്ന ഈ കേസ് സ്വാഗതാർഹമാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾത്തന്നെ പാർട്ടി ഈ കുറ്റം ഏറ്റെടുക്കുന്നതായി ബോധ്യപ്പെടുകയാണെന്നും ചെന്നിത്തല പറഞ്ഞു.

വാസ്തവത്തിൽ ഈ കൊലപാതകം ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തത് അന്നത്തെ പാർട്ടി സെക്രട്ടറി പിണറായി വിജയൻറെ അറിവും സമ്മതത്തോടും കൂടിയാണ് എന്നതിൽ ഒരു സംശയവുമില്ല. അല്ലെങ്കിൽ അത്തരമൊരു കൊലപാതകം ആസൂത്രണം ചെയ്യാൻ പാർട്ടിക്ക് സാധ്യമല്ല. രാഷ്ട്രീയ എതിരാളികളെ വകവരുത്തുന്ന രാഷ്ട്രീയം ഈ കേസു കൂടിയെങ്കിലും സിപിഎംഅവസാനിപ്പിക്കുകയാണ് വേണ്ടതെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

ഇതുവരെ സിപിഎം പറഞ്ഞുകൊണ്ടിരുന്നത് കേസിൽ തങ്ങൾക്ക് പങ്കില്ലെന്നാണ്. എന്നാൽ ഏറ്റവും അവസാനം രണ്ടു പ്രധാനപ്പെട്ട പാർട്ടി നേതാക്കളെക്കൂടി പ്രതിചേർക്കുക വഴി സിപിഎമ്മിൻറെ പങ്ക് സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്.

ഇനിയെങ്കിലും സിപിഎമ്മിന് രാഷ്ട്രീയ ധാർമികതയും മാന്യതയുമുണ്ടെങ്കിൽ കേസിൽ തങ്ങൾക്കുള്ള പങ്ക് വ്യക്തമാക്കുകയാണ് വേണ്ടത്.

സുപ്രീം കോടതിയിൽ അപ്പീൽ നൽകാനുള്ള കെ. കെ രമയുടെ നിലപാടിന് യുഡിഎഫിൻറെ പൂർണ പിന്തുണയുണ്ടാകുമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.



*മാമ്പഴ ഗ്രാമപദ്ധതി ഉദ്ഘാടനം*

# മാമ്പഴ സമൃദ്ധി തേടി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് മാമ്പഴ ഗ്രാമം പദ്ധതിക്ക് തുടക്കമായി

മാമ്പഴ ഉൽപാദനവും, വിപണനവും ലക്ഷ്യമിട്ട് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന നൂതന ബഹുവർഷ പദ്ധതിയായ മാമ്പഴ സമൃദ്ധിമാമ്പഴ ഗ്രാമം പദ്ധതിക്ക് തുടക്കമായി. കരകുളം ഗ്രാമപഞ്ചായത്തിലെ കരയാളത്തുകോണം വാർഡിലെ പേഴുംമൂടിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത അര ഏക്കർ സ്ഥലത്ത് കോട്ടുകോണം മാവിൻ തൈ നട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ, പദ്ധതി ഉദ്ഘാടനം ചെയ്തു. കൃഷിസ്ഥലങ്ങളിലെ വന്യമൃഗശല്യം കണക്കിലെടുത്ത് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കർഷകരുടെ കൃഷി ലാഭകരമാക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ സ്വീകരിച്ച് വരികയാണെന്ന് മന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി കുരങ്ങ്, പന്നി തുടങ്ങിയ മൃഗങ്ങൾ അധികം നശിപ്പിക്കാത്ത മഞ്ഞൾ കൃഷി വ്യാപിപ്പിക്കാനാണ് തീരുമാനമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി മാവിൻ തൈകളും, കുറിയ ഇനം തെങ്ങിൻ തൈകളുടെ വിതരണവും മന്ത്രി നിർവഹിച്ചു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ കരകുളം, വെമ്പായം, ആനാട്, പനവൂർ, അരുവിക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ തരിശ് സ്ഥലങ്ങളിലും പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലെ സാധ്യമായ സ്ഥലങ്ങളിലും, മറ്റു കൃഷിയിടങ്ങളിലും മികച്ചയിനം മാവിൻ തൈകൾ ശാസ്ത്രീയമായി 'ഹൈഡെൻസിറ്റി പ്ലാന്റിങ്' മാതൃകയിൽ നട്ടുപരിപാലിക്കുന്ന നൂതന പദ്ധതിയാണ് മാമ്പഴ സമൃദ്ധി. ഓരോ പഞ്ചായത്തുകളിൽ നിന്നും രണ്ടര ഹെക്ടർ എന്ന രീതിയിൽ 12.5 ഹെക്ടർ സ്ഥലമാണ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കൃഷിക്കായി ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയിരിക്കുന്നത്. 25 ലക്ഷം രൂപയാണ് പദ്ധതി വിഹിതമായി കണക്കാക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് മാവിൻ തൈകളുടെ പരിപാലനം ഉറപ്പാക്കും. വീടുകളിൽ നടാനായി വിതരണം ചെയ്യുന്ന മാവിൻ തൈയ്ക്ക് 75 രൂപയും തെങ്ങിൻ തൈയ്ക്ക് 60 രൂപയുമാണ് വില ഈടാക്കുന്നത്. കൂടാതെ അഞ്ച് കിലോ ജൈവവളവും നൽകും. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. അമ്പിളി അധ്യക്ഷത വഹിച്ച ചടങ്ങിൽ കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു. ലേഖറാണി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. വൈശാഖ്, കരകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റ്റി. സുനിൽ കുമാർ. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഹരിലാൽ വി. ആർ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് എ. ഡി. എ ചാരുമിത്രൻ. കെ, സെക്രട്ടറി സുരേഷ് കുമാർ കെ. എസ് തുടങ്ങിയവർ പങ്കെടുത്തു.

# പുൽപ്പള്ളിയിലെ സംഘർഷം; കേസുകൾ പിൻവലിക്കണമെന്ന് മന്ത്രിമാരോട് സിപിഐ

വയനാട്: വന്യജീവി ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ പുൽപ്പള്ളിയിൽ പ്രതിഷേധിച്ചവർക്കെതിരേ എടുത്ത കേസുകൾ പിൻവലിക്കണമെന്ന് സിപിഐ. ഇക്കാര്യം ആവശ്യപ്പെട്ട് സർവകക്ഷി യോഗത്തിന് വയനാട്ടിലെത്തിയ മന്ത്രിമാർക്ക് സിപിഐ ജില്ലാ സെക്രട്ടറി ഇ. ജെ. ബാബു നിവേദനം നൽകി.

ജനകീയ പ്രതിഷേധമാണ് വയനാട്ടിലുണ്ടായത്. ഇതിനിടെയുണ്ടായ സ്വാഭാവികമായ പ്രതികരണമാണ് സംഘർഷത്തിലേക്ക് നയിച്ചതെന്നും സിപിഐ വ്യക്തമാക്കി. ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ കേസുകളിലേക്ക് പോയി പ്രശ്നം കൂടുതൽ വഷളാക്കരുതെന്നും സിപിഐ ആവശ്യപ്പെട്ടു.

അതേസമയം വന്യജീവി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ വയനാട്ടിൽ വനംമന്ത്രി എ. കെ. ശശീന്ദ്രൻറെ നേതൃത്വത്തിൽ ചേരുന്ന സർവകക്ഷി യോഗം തുടങ്ങി. മന്ത്രിമാരായ കെ. രാജൻ, എം. ബി. രാജേഷ് എന്നിവരും ജില്ലാ കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

എന്നാൽ പ്രതിപക്ഷം യോഗം ബഹിഷ്കരിച്ച് ഇറങ്ങിപ്പോയി. വയനാട്ടിലേക്ക് തിരിഞ്ഞ് പോലും നോക്കാത്ത വനംമന്ത്രി എ. കെ. ശശീന്ദ്രനുമായി ചർച്ചയ്ക്കില്ലെന്നും മുഖ്യമന്ത്രി വയനാട്ടിലെത്തണമെന്നുമാണ് പ്രതിപക്ഷത്തിൻറെ ആവശ്യം.

# മൂന്നാം സീറ്റില്ല; ലീഗ് സ്ഥാനാർഥികളായി, സീറ്റ് വച്ചുമാറാനും ധാരണ

കോഴിക്കോട്: ലോക്സഭാ തെരഞ്ഞെടുപ്പിലേക്കുള്ള മുസ്ലീം ലീഗ് സ്ഥാനാർഥികളെ തീരുമാനിച്ചു. എംപിമാരായ ഇ. ടി. മുഹമ്മദ് ബഷീറും അബ്ദുൽ സമദാനിയും തന്നെ മത്സരിക്കും. സ്ഥാനാർഥികൾ മാറില്ലെങ്കിലും സീറ്റുകൾ തമ്മിൽ വച്ചുമാറാനാണ് തീരുമാനം.

അബ്ദുൾസമദ് സമദാനിയുടെ മലപ്പുറം സീറ്റ് ഇ. ടി. മുഹമ്മദ് ബഷീറിനു നല്കും. ഇ. ടിയുടെ ആരോഗ്യസ്ഥിതി പരിഗണിച്ചാണ് ഈ മാറ്റം. പകരം സമദാനി പൊന്നാനിയിൽ മത്സരിക്കും.ലീഗിന് മൂന്നാം സീറ്റ് ഉണ്ടാകില്ലെന്ന് നേരത്തെ കോൺഗ്രസ് അറിയിച്ചിരുന്നു. പകരം രാജ്യസഭാ സീറ്റ് നൽകാമെന്ന് ധാരണയായെന്നുമാണ് കോൺഗ്രസ് അറിയിച്ചത്. ജൂണിൽ ഒഴിവുവരുന്ന മൂന്ന് രാജ്യസഭാ സീറ്റുകളിൽ ഒന്ന് ലീഗിന് നൽകിയേക്കും. നിലവിൽ പി. വി. അബ്ദുൾവഹാബാണ് ലീഗിൻറെ രാജ്യസഭാംഗം.

എന്നാൽ മൂന്നാം സീറ്റ് സംബന്ധിച്ച് കോൺഗ്രസും ലീഗും തമ്മിൽ ധാരണയായില്ലെന്ന് ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി. കെ. കുഞ്ഞാലിക്കുട്ടി പ്രതികരിച്ചു. രാജ്യസഭാ സീറ്റിനെക്കുറിച്ച് ചർച്ച നടത്തിയെന്ന് പറയുന്നത് അടിസ്ഥാന രഹിതമാണെന്നും സീറ്റുകൾ വച്ചുമാറുന്നുണ്ടോ ഇല്ലയോ എന്നതൊക്കെ ചർച്ച പൂർത്തിയാക്കിയ ശേഷം പറയാമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ചർച്ചകൾ എവിടേയും വഴിമുട്ടിയിട്ടില്ല. പാണക്കാട് സാദിഖലി തങ്ങൾ പ്രതിപക്ഷ നേതാവുമായി ടെലഫോണിൽ സംസാരിച്ചിട്ടുണ്ട്. ലീഗിൻറെ ആവശ്യത്തിൽ കോൺഗ്രസിൽ തീരുമാനം വൈകുന്നതിനാലാണ് യുഡിഎഫ് യോഗം വൈകിയിരുന്നത്. യോഗത്തിൽ അന്തിമതീരുമാനമുണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വിവരാവകാശ കമ്മിഷൻ ഉത്തരവ് ലംഘിച്ച എൻജിനീയർക്കെതിരെ നടപടി

*** സ്ഥലംമാറ്റവും കാൽ ലക്ഷം പിഴയും**

സംസ്ഥാന വിവരാവകാശ കമ്മിഷന്റെ ഉത്തരവ് ലംഘിച്ച വാട്ടർ അതോറിറ്റി എൻജിനീയർക്ക് ആറ്റിങ്ങലിൽ നിന്ന് വയനാട്ടിലേക്ക് സ്ഥലം മാറ്റവും 25000 രൂപ പിഴയും കൂടാതെ അച്ചടക്ക നടപടിയും വിജിലൻസ് അന്വേഷണവും ഉണ്ടാവും. വകുപ്പുതല നടപടിയുടെ ഭാഗമായി കുറ്റപത്രവും നല്കി.

ആറ്റിങ്ങൽ സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എസ്.ബൈജുവിനെയാണ് ശിക്ഷാ നടപടിയുടെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റിയത്. പിഴ സംഖ്യ ഈ മാസം 28 നകം അടച്ച് 29 ന് ചെലാൻ കമ്മിഷനിൽ സമർപ്പിക്കണം.

ബൈജുവിനെതിരെ കേരള സിവിൽ സർവ്വീസ് ചട്ടം16 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി വിശദീകരണം തേടി 15 ദിവസത്തെ നോട്ടീസും നല്കിയിട്ടുണ്ട്. വകുപ്പുതല വിജിലൻസ് വിഭാഗത്തിനാണ് അന്വേഷണ ചുമതല. സംസ്ഥാന വിവരാവകാശ കമ്മിഷണർ എ.അബ്ദുൽ ഹക്കിമിന്റെ ഉത്തരവിനെ തുടർന്ന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് ആണ് നടപടിയെടുത്തത്.

കുടിവെള്ള വിതരണത്തിന്റെ പൈപ്പ് നന്നാക്കാൻ റോഡ് വെട്ടിക്കുഴിച്ചതുമായി ബന്ധപ്പെട്ട് വർക്കല മരുതിക്കുന്ന് പാറവിളയിൽ ലാലമ്മ 2023 ജനുവരിയിൽ സമർപ്പിച്ച പരാതി അവഗണിച്ചതിനാണ് ശിക്ഷ. തിരുവനന്തപുരം നാവായിക്കുളം പഞ്ചായത്തിലാണ് 10 രൂപ ഫീസടച്ച് വിവരാവകാശ അപേക്ഷ സമർപ്പിച്ചത്. ഈ ജോലി നിർവ്വഹിച്ചത് വർക്കല ജലവിതരണ ഓഫീസായതിനാൽ പഞ്ചായത്തിൽ നിന്ന് അപേക്ഷ അവിടേക്ക് നൽകി.

ഇങ്ങനെ ലഭിക്കുന്ന അപേക്ഷക്ക് എത്രയും വേഗം മറുപടി നല്കണമെന്നാണ് ആർടിഐ ചട്ടം. എന്നാൽ അവിടെ വിവരാവകാശ ഓഫീസറായിരുന്ന എസ്. ബൈജു അപേക്ഷ സ്വീകരിക്കാതെ മടക്കി. തന്റെ ഓഫീസിൽ വേറെ ഫീസടച്ച് അപേക്ഷിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഇതു ചോദ്യംചെയ്ത് ലാലമ്മ സമർപ്പിച്ച പരാതി ഹർജിയിൽ, വീണ്ടും അപേക്ഷാ ഫീസ് വാങ്ങരുതെന്നും പകർപ്പുകൾക്ക് ചെലവുതുക വാങ്ങി വിവരം നല്കണമെന്നും കമ്മിഷൻ നിർദ്ദേശിച്ചെങ്കിലും ബൈജു ഉത്തരവ് നടപ്പാക്കിയില്ല. ഹിയറിംഗിന് വിളിച്ചിട്ടും ഹായരായില്ല. തുടർന്ന് ബൈജുവിനെ സമൻസയച്ച് വരുത്തിയാണ് വിസ്തരിച്ചത്.

നിയമം 6 (3) പ്രകാരം മറ്റൊരു ഓഫീസർ ലഭ്യമാക്കിയ അപേക്ഷ നിരസിച്ചു, നാവായിക്കുളം പഞ്ചായത്തിന്റെ ആവർത്തിച്ചുള്ള അറിയിപ്പ് അവഗണിച്ചു, ഹർജിക്കാരി നേരിൽ ആവശ്യപ്പെട്ടിട്ടും പരിഗണിച്ചില്ല, വിവരാവകാശ കമ്മിഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിച്ചില്ല, കമ്മിഷൻ നല്കിയ ഓർമ്മക്കുറിപ്പിനോട് പ്രതികരിച്ചില്ല, അപേക്ഷ സ്വീകരിക്കാനും വിവരം നല്കാനുമുള്ള കമ്മിഷന്റെ നിർദ്ദേശത്തെ ചോദ്യം ചെയ്തു, തെളിവെടുപ്പിന് ഹാജരായില്ല തുടങ്ങിയ കുറ്റങ്ങളാണ് ബൈജുവിനെതിരെ ചുമത്തിയിട്ടുള്ളത്. ഹർജിക്കാരിയെയും നാവായിക്കുളം പഞ്ചായത്ത്, വർക്കല ജലവിതരണ ഓഫീസ് എന്നിവിടങ്ങളിലെ ബന്ധപ്പെട്ട ഓഫീസർമാരെയും മേലധികാരികളെയും വിളിച്ചുവരുത്തി മൊഴിയെടുത്ത ശേഷമാണ് കമ്മിഷണർ എ.അബ്ദുൽ ഹക്കീം ഉത്തരവായത്. പിഴത്തുക ഒടുക്കാൻ വൈകിയാൽ വകുപ്പു മേധാവി ശമ്പളത്തിൽ നിന്ന് പിടിച്ച് അടയ്ക്കണം. അല്ലെങ്കിൽ റവന്യൂ റിക്കവറിയും ഉണ്ടാവും .സംസ്ഥാനത്ത് ഇത് ആദ്യമായാണ് വിവരാവകാശ നിയമം 20(1) പ്രകാരം ഫൈനും 20(2) പ്രകാരം അച്ചടക്ക നടപടിയും സ്ഥലം മാറ്റവും ഒരുപോലെ നടപ്പിൽ വരുത്തി ശിക്ഷിക്കുന്നത്.

# അഞ്ചുമാസമായി ബില്ലടച്ചില്ല; എറണാകുളം കളക്ടറേറ്റിലെ ഫ്യൂസ് ഊരി കെഎസ്ഇബി

കൊച്ചി: അഞ്ചുമാസമായി ബില്ലടയ്ക്കാത്തതിനെ തുടർന്ന് എറണാകുളം കളക്ടറേറ്റിലെ ഫ്യൂസ് ഊരി കെഎസ്ഇബി. ഇതോടെ വൈദ്യുതിയില്ലാത്തതിനാൽ കളക്ട്രേറ്റിലെ മുപ്പതോളം ഓഫീസുകളുടെ പ്രവർത്തനങ്ങൾ അവതാളത്തിലായി. മൈനിംഗ് ആൻഡ് ജിയോളജി, ജില്ലാ ലേബർ ഓഫീസ്, ജില്ലാ ഓഡിറ്റ് ഓഫീസ്, എഡ്യൂക്കേഷൻ ഡെപ്യൂട്ടി !ഡയറക്ടർ ഓഫീസ് തുടങ്ങിയ ഓഫീസുകളിലാണ് വൈദ്യുതി ഇല്ലാത്തത്. എല്ലാ ഓഫീസുകളിലുമായി 42 ലക്ഷം രൂപയാണ് കുടിശികയുള്ളത്. ഇതിൽ റവന്യൂ വിഭാഗത്തിനു മാത്രം 7,19,554 രൂപയാണ് കുടിശിക അടക്കാനുള്ളത്.

# ഹൈറിച്ച് തട്ടിപ്പ്: പ്രതികളെ ഇഡി ചോദ്യം ചെയ്യുന്നു

കൊച്ചി: ഹൈറിച്ച് സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതി പ്രതാപൻ, ഭാര്യ ശ്രീന, സ്വർണക്കടത്തുകേസിലെ പ്രതി വിജേഷ് പിള്ള എന്നിവരെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) ചോദ്യം ചെയ്യുന്നു.

ഹൈറിച്ച് കമ്പനി ഉടമകളായ കെ ഡി പ്രതാപൻ, ശ്രീന എന്നിവർ ഇന്ന് രാവിലെ കൊച്ചിയിലെ ഇഡി ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരായി. തിങ്കളാഴ്ച ഇഡിക്കു മുന്നിൽ ഹാജരായ ഇരുവരെയും രാത്രി വൈകിയും ഇഡി ചോദ്യം ചെയ്തിരുന്നു. തൃശൂരിലെ വീട്ടിൽ ഇഡി റെയ്ഡിനെത്തുന്ന വിവരം അറിഞ്ഞത് മുതൽ ഒളിവിലായിരുന്നു.

പ്രതികളുടെ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടെ വളരെ വിശദമായി അന്വേഷണ സംഘം പരിശോധിക്കുന്നുണ്ട്. ക്രിപ്റ്റോ കറൻസി വഴി സമാഹരിച്ച പണം പ്രതികൾ വിദേശത്തേക്ക് കടത്തിയതായും സൂചനയുണ്ട്. കേസിൽ വിജേഷ് പിള്ളയേയും ഇഡി ഇന്ന് ചോദ്യം ചെയ്യും. ചോദ്യം ചെയ്യലിന് ഇന്ന് ഹാജരാകാൻ ഇഡി ഇയാൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഒടിടി ഇടപാടുകളെക്കുറിച്ച് അറിയാനാണ് ചോദ്യം ചെയ്യൽ. കേസിൽ കൂടുതൽ പേരെ ഇന്നും ഇഡി ചോദ്യം ചെയ്യുമെന്നാണ് അറിയുന്നത്.

# ജില്ലാതല പട്ടയമേള ഫെബ്രുവരി 22ന്; 1091 കുടുംബങ്ങൾക്ക് പട്ടയം നൽകും

തിരുവനന്തപുരം : എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന ആശയത്തിലൂന്നി തിരുവനന്തപുരം ജില്ലയിൽ 1,091 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നു. തൃശൂർ തേക്കിൻകാട് മൈതാനത്ത് നടക്കുന്ന സംസ്ഥാനതല പട്ടയമേള മുഖ്യമന്ത്രി പിണറായി വിജയൻ ഫെബ്രുവരി 22 ഉച്ചതിരിഞ്ഞ് മൂന്നിന് ഉദ്ഘാടനം ചെയ്യും. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ പട്ടയവിതരണം അന്നേ ദിവസം വൈകിട്ട് നാലിന് മന്ത്രിമാരായ വി.ശിവൻകുട്ടിയും, ജി.ആർ അനിലും നിർവഹിക്കും. നെടുമങ്ങാട് താലൂക്കിൽ ആര്യനാട് വി.കെ ആഡിറ്റോറിയത്തിൽ നടക്കുന്ന പട്ടയമേളയിൽ 132 കോളനികളിലുൾപ്പെട്ട 750 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യും.

ഇതിന് പുറമേ 200 വനാവകാശ രേഖയും 22 സാമൂഹ്യ വനാവകാശ രേഖയും വിവിധ ഇനത്തിൽപ്പെട്ട 119 പട്ടയങ്ങളും ചടങ്ങിൽ വിതരണം ചെയ്യും. ആകെ 1,091 കുടുംബങ്ങൾക്കാണ് ഇതിലൂടെ പ്രയോജനം ലഭിക്കുന്നത്. ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്യുന്നത് നെടുമങ്ങാട് താലൂക്കിലാണ്. 500 പട്ടയങ്ങളാണ് ഇവിടെ വിതരണം ചെയ്യുന്നത്. കാട്ടാക്കട താലൂക്കിൽ 310, തിരുവനന്തപുരം താലൂക്കിൽ 69, നെയ്യാറ്റിൻകര താലൂക്കിൽ 156, ചിറയിൻകീഴ് താലൂക്കിൽ 26, വർക്കല താലൂക്കിൽ 30 എന്നിങ്ങനെയാണ് പട്ടയങ്ങൾ വിതരണം ചെയ്യുന്നത്. ജില്ലയിലെ എം.പിമാരുടെയും എം.എൽ.എമാരുടെയും വിശിഷ്ട സാന്നിധ്യത്തിലാണ് പട്ടയം വിതരണം ചെയ്യുന്നത്.

# മുഖ്യമന്ത്രി വയനാട്ടിലെത്തണം; സർവകക്ഷി യോഗം ബഹിഷ്കരിച്ച് പ്രതിപക്ഷം

വയനാട്: വന്യജീവി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ വയനാട്ടിൽ വനംമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന സർവകക്ഷി യോഗം ബഹിഷ്കരിച്ച് പ്രതിപക്ഷം. വയനാട്ടിലേക്ക് തിരിഞ്ഞ് പോലും നോക്കാത്ത വനംമന്ത്രി എ. കെ. ശശീന്ദ്രനുമായി ചർച്ചയ്ക്കില്ലെന്നും മുഖ്യമന്ത്രി വയനാട്ടിലെത്തണമെന്നും എംഎൽഎമാരായ ഐ. സി. ബാലകൃഷ്ണനും ടി. സിദ്ദിഖും പറഞ്ഞു.

നിയമസഭയിൽ വയനാട്ടിലെ പ്രശ്നം അവതരിപ്പിച്ചപ്പോൾ വിഷയാവതരണം കേട്ട് ലജ്ജ തോന്നുന്നെന്ന് പറഞ്ഞയാളാണ് വനംമന്ത്രി. ആ സാഹചര്യത്തിൽ മന്ത്രിയോടൊപ്പമിരുന്ന് ചർച്ച നടത്താൻ കഴിയില്ല. മരിച്ചവർക്ക് ഒരു അനുശോചനം പോലും രേഖപ്പെടുത്താതെയാണ് യോഗം ആരംഭിച്ചതെന്നും പ്രതിപക്ഷം വിമർശിച്ചു.

മരണമടഞ്ഞവരുടെ വീട് പോലും സന്ദർശിക്കാത്ത മന്ത്രിയോടപ്പമിരുന്ന് ചർച്ച നടത്തുന്നത് എങ്ങനെയാണെന്നും എംഎൽഎമാർ ചോദിച്ചു. വന്യജീവി ആക്രമണം ഇത്രയധികം വർധിച്ചിട്ടും മന്ത്രി വയനാട്ടിലെത്താൻ തയാറായില്ല.

# സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ അപേക്ഷ ക്ഷണിച്ചു

ഫിഷറീസ് ഡയറക്ടറേറ്റിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് പ്രതിമാസം 31,920 രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത എം.ടെക്/ എം.ഇ/ ബി.ടെക്/ ബി.ഇ/ എം.സി.എ/ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, കൂടാതെ നെറ്റ് വർക്കിംഗ് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കേണ്ടതാണ്. പ്രോഗ്രാമിംഗ്/ നെറ്റ് വർക്കിംഗ്/ വെബ് ഡിസൈനിംഗ് മേഖലയിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം. കൂടുതൽ വിവരങ്ങൾക്ക് www.fisheries.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ ഡയറക്ടർ ഓഫ് ഫിഷറീസ്, വികാസ് ഭവൻ, തിരുവനന്തപുരം, പിൻ 695033 എന്ന വിലാസത്തിലും faircopy.dir@gmail.com എന്ന മെയിൽ അഡ്രസിലും മാർച്ച് 13നു മുമ്പ് ലഭിക്കേണ്ടതാണ്.

# മറയൂരിൽ റിട്ട. എസ്ഐയെ മരുമകൻ വെട്ടിക്കൊന്നു

ഇടുക്കി: മറയൂരിൽ റിട്ട. എസ്ഐയെ സഹോദരിയുടെ മകൻ വെട്ടിക്കൊലപ്പെടുത്തി. തമിഴ്നാട് പോലീസിൽ എസ്ഐയായിരുന്ന ലക്ഷ്മണനാണ് കൊല്ലപ്പെട്ടത്. സഹോദരിയുടെ മകൻ അരുണാണ് കൃത്യം നടത്തിയത്. ഇന്ന് വൈകിട്ടായിരുന്നു ലക്ഷ്മണനെതിരായ ആക്രമണം. മൃതദേഹം ആശുപത്രിയിലേക്ക് മാറ്റി. പോസ്റ്റ്മോർട്ടത്തിന് ശേഷം ചൊവ്വാഴ്ച ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. പ്രതിയെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം കോടതിയിൽ ഹാജരാക്കുമെന്ന് പോലീസ് അറിയിച്ചു.

# തിരുവനന്തപുരത്ത് കുട്ടിയെ കണ്ടെത്തിയ സ്ഥലത്ത് ശാസ്ത്രീയ പരിശോധന

തിരുവനന്തപുരം: ചാക്കയിൽ രണ്ടുവയസുകാരിയെ കാണാതായ സംഭവത്തിൽ ദുരൂഹത തുടരുന്നു. കുട്ടിയെ കണ്ടെത്തിയ സ്ഥലത്ത് പ്രത്യേക സംഘം ശാസ്ത്രീയ പരിശോധന നടത്തി. പ്രതിയെ സംബന്ധിച്ച് ഏതെങ്കിലും തുമ്പ് ലഭിക്കാനുള്ള സാധ്യത കണ്ടാണ് പോലീസും ഫോറൻസിക് വിഭാഗവും പ്രത്യേക പരിശോധന നടത്തിയത്.

തിങ്കളാഴ്ച രാത്രി സ്ഥലത്ത് ഡോഗ് സ്ക്വാഡിനെ എത്തിച്ച് പരിശോധന നടത്തിയിരുന്നു. ഇവിടേക്ക് വരാൻ സാധ്യമായ എല്ലാ സ്ഥലങ്ങളിലെയും സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിക്കുന്നുണ്ട്.

19 മണിക്കൂർ നീണ്ട തിരച്ചിലിനൊടുവിൽ കഴിഞ്ഞദിവസം രാത്രി ഏഴരയോടെ കൊച്ചുവേളി റെയിൽവേ സ്റ്റേഷനു സമീപമുള്ള ഓടയിൽനിന്നാണ് കുട്ടിയെ കണ്ടെത്തിയത്. രക്ഷിതാക്കൾക്കൊപ്പം കുട്ടി താമസിച്ചിരുന്ന സ്ഥലത്തുനിന്ന് ഒരു കിലോമീറ്ററോളം അകലെയാണ് കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ.

അതേസമയം, എസ്എടി ആശുപത്രിയിൽ പ്രവേശിപ്പിച്ച കുഞ്ഞിന് കാര്യമായ ആരോഗ്യപ്രശ്നങ്ങളില്ലെന്ന് മെഡിക്കൽ സംഘം അറിയിച്ചു. നിലവിൽ പേവാർഡിലുള്ള കുട്ടിയെ 24 മണിക്കൂർ നിരീക്ഷണത്തിനു ശേഷം ഡിസ്ചാർജ് ചെയ്യും.

# യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് 2023 -24 അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് 202324 അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും കല/സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, വ്യവസായം/സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടം കൈവരിച്ചവരുമായ യുവജനങ്ങളെയാണ് അവാർഡിന് പരിഗണിക്കുന്നത്. അവാർഡിനായി നാമനിർദേശം നൽകാവുന്നതോ സ്വമേധയാ അപേക്ഷ സമർപ്പിക്കാവുന്നതോ ആണ്.

പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി ആറ് പേർക്കാണ് അവാർഡ് നൽകുന്നത്. യൂത്ത് ഐക്കണായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയുടെ ക്യാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകുന്നതാണ്. നിർദേശങ്ങൾ official.skyc@gmail.com എന്ന മെയിൽ ഐഡിയിൽ അറിയിക്കുക. കൂടാതെ കമ്മീഷന്റെ വികാസ് ഭവനിലുള്ള ഓഫീസിൽ നേരിട്ടും നിർദേശങ്ങൾ നൽകാവുന്നതാണ്. അപേക്ഷകൾ അയക്കേണ്ട അവസാന തീയതി: 2024 ഫെബ്രുവരി 27. കൂടുതൽ വിവരങ്ങൾക്ക് കമ്മീഷനുമായി ബന്ധപ്പെടുക 04712308630.

# ടെക്നോളജി സെൻറർ സ്ഥാപിക്കാൻ എംഎസ്എംഇ മന്ത്രാലയവുമായി ടെക്നോപാർക്ക് ഭൂമി പാട്ടക്കരാർ കൈമാറി

തിരുവനന്തപുരം: ടെക്നോപാർക്ക് ഫേസ് ഫോറിൽ (ടെക്നോസിറ്റി, പള്ളിപ്പുറം) സൂക്ഷ്മ ചെറുകിട ഇടത്തരം സരംഭങ്ങൾക്കായി (എംഎസ്എംഇ) ടെക്നോളജി സെൻറർ സ്ഥാപിക്കുന്നതിനായി എംഎസ്എംഇ മന്ത്രാലയവുമായി ടെക്നോപാർക്ക് ഭൂമി പാട്ടക്കരാർ കൈമാറി. കരാർ പ്രകാരം ടെക്നോസിറ്റിയിലെ 9.50 ഏക്കർ ഭൂമി 90 വർഷത്തേക്ക് പാട്ടത്തിന് നൽകും.

സാങ്കേതിക നൈപുണ്യ വികസനത്തിന് അവസരങ്ങൾ നൽകുന്നതിലൂടെ എംഎസ്എംഇകളെയും മറ്റ് വ്യവസായങ്ങളെയും പിന്തുണയ്ക്കുന്നതിൽ ടെക്നോളജി സെൻറർ ശ്രദ്ധ കേന്ദ്രീകരിക്കും. ഈ മേഖലയിലേക്ക് വരുന്ന യുവതീ യുവാക്കൾക്ക് സാങ്കേതിക ബിസിനസ് ഉപദേശങ്ങളും പിന്തുണയും നൽകുകയും ചെയ്യും.

ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട), എംഎസ്എംഇ മന്ത്രാലയത്തിനു കീഴിലുള്ള തൃശ്ശൂർ എംഎസ്എംഇ ഡിഎഫ്ഒ ജോയിൻറ് ഡയറക്ടറും മേധാവിയുമായ ജി.എസ് പ്രകാശ് എന്നിവർ ടെക്നോപാർക്കിൽ വച്ച് സംസ്ഥാന ഇലക്ട്രോണിക്സ്ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കറിൻറെ സാന്നിധ്യത്തിലാണ് കരാർ കൈമാറിയത്.



*എംഎസ്എംഇ മന്ത്രാലയവും ടെക്നോപാർക്കും തമ്മിലുള്ള ഭൂമി പാട്ടക്കരാർ കൈമാറൽ ചടങ്ങിൽ സംസ്ഥാന ഇലക്ട്രോണിക്സ്ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ സംസാരിക്കുന്നു. ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട), എംഎസ്എംഇ മന്ത്രാലയത്തിനു കീഴിലുള്ള തൃശ്ശൂർ എംഎസ്എംഇ ഡിഎഫ്ഒ ജോയിന്റ് ഡയറക്ടറും മേധാവിയുമായ ജി.എസ് പ്രകാശ്, കെസ്പേസ് സിഇഒ ഡോ. ജി. ലെവിൻ, കേരള ഐ.ടി പാർക്സ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ മഞ്ജിത്ത് ചെറിയാൻ, ടെക്നോപാർക്ക് കസ്റ്റമർ റിലേഷൻഷിപ്പ് എജിഎം വസന്ത് വരദ തുടങ്ങിയവർ സമീപം.*

എംഎസ്എംഇ മന്ത്രാലയത്തിൻറെ ടിസിഎസ്ഇ (ടെക്നോളജി സെൻറേഴ്സ് ആൻഡ് എക്സ്റ്റൻഷൻ സെൻറേഴ്സ്) പദ്ധതിക്ക് കീഴിൽ സ്ഥാപിക്കുന്ന സെൻറർ നൂതന സാങ്കേതികവിദ്യകളിലേക്കുള്ള പ്രവേശനം, എംഎസ്എംഇകൾക്കുള്ള സൗകര്യങ്ങൾ, സാങ്കേതിക പിന്തുണ, നൈപുണ്യ പരിശീലനം, ബിസിനസ് സേവനങ്ങൾ എന്നിവ നൽകി സംസ്ഥാനത്തിൻറെ ഡിജിറ്റൽ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തും.

ടെക്നോളജി സെൻറർ തിരുവനന്തപുരത്തെ സാമൂഹിക, സ്റ്റാർട്ടപ്പ് അന്തരീക്ഷത്തെ മാറ്റിമറിക്കുന്നതിനൊപ്പം സംരംഭകരുടെ ജീവിതത്തെയും പരിപോഷിപ്പിക്കുമെന്ന് സംസ്ഥാന ഇലക്ട്രോണിക്സ്ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ പറഞ്ഞു. സംസ്ഥാനത്തെ ഡിജിറ്റൽ, ഐടി മേഖലകളുടെ വളർച്ചയ്ക്കാവശ്യമായ ആവാസവ്യവസ്ഥ ഒരുക്കുന്നതിൽ ടെക്നോപാർക്ക് എപ്പോഴും മുൻപന്തിയിലുണ്ട്. ഇത്തരം സംരംഭങ്ങൾ ഐടി വ്യവസായത്തിൽ പ്രധാനവും ടെക്നോപാർക്കിൻറെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്കിൽ ഫേസ് ഫോറിനാണ് ഏറ്റവുമധികം സ്ഥലലഭ്യതയുള്ളതെന്നും മികച്ച ഡിജിറ്റൽ ആവാസവ്യവസ്ഥയുള്ള ടെക്നോളജി പാർക്കായി ഇത് വികസിച്ചുവരികയാണെന്നും കേണൽ സഞ്ജീവ് നായർ (റിട്ട) പറഞ്ഞു. കൊച്ചിക്ക് പിന്നാലെ തിരുവനന്തപുരത്ത് ആരംഭിക്കുന്ന പുതിയ ടെക്നോളജി സെൻറർ എംഎസ്എംഇകൾക്കും സ്റ്റാർട്ടപ്പുകൾക്കും മികച്ച രീതിയിലുള്ള വികസനം, പരിശീലനം, വൈദഗ്ധ്യം എന്നിവ ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.രാജ്യത്തുടനീളം ഇത്തരത്തിലുള്ള 20 സാങ്കേതിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്നത് രാഷ്ട്രത്തോടുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിബദ്ധതയാണെന്ന് ജി.എസ് പ്രകാശ് പറഞ്ഞു. ഇന്ത്യയുടെ ജിഡിപിയുടെ 30 ശതമാനവും കയറ്റുമതി മേഖലയിൽ 45 ശതമാനവും സംഭാവന ചെയ്യുന്ന ആറ് കോടിയിലധികം എംഎസ്എംഇകളുണ്ട്. 11 കോടിയിലധികം ആളുകൾ എംഎസ്എംഇ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും ദ്രുതഗതിയിലുള്ള സാങ്കേതിക വിദ്യയുടെ സ്വീകാര്യതയും വികസനവും അവർക്ക് ഉൾക്കൊള്ളാനാകുന്നില്ല. ടെക്നോളജി സെൻററുകൾ വഴി അവർക്ക് ഇത് മിറകടക്കാനാകും. പ്രാദേശിക വ്യവസായത്തിൻറെ ആവശ്യങ്ങൾ അടിസ്ഥാനമാക്കി വികസനം, പരിശീലനം, കൺസൾട്ടൻസി സേവനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ കേന്ദ്രത്തിൽ ഒരുക്കും. വിജ്ഞാനാധിഷ്ഠിത നഗരമാകാനുള്ള തിരുവനന്തപുരത്തിൻറെ മുന്നേറ്റത്തിൽ ടെക്നോളജി സെൻററിന് നിർണായക പങ്ക് വഹിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

എംഎസ്എംഇ ഫെസിലിറ്റേഷൻ സെൻററായി പ്രവർത്തിക്കുന്നതിനു പുറമേ ഐടി, പോളിടെക്നിക്, എൻജിനീയറിങ് പശ്ചാത്തലത്തിലുള്ളവർക്ക് ഹൈടെക് ഐടി ഡൊമെയ്നിൽ പരിശീലനം നൽകാനും സെൻറർ സഹായിക്കുമെന്ന് കെസ്പേസ് സിഇഒ ഡോ. ജി. ലെവിൻ പറഞ്ഞു. സർക്കാർ പിന്തുണയോടെ ടെക്നോപാർക്ക്, എംഎസ്എംഇ, കെസ്പേസ് എന്നിവയുടെ സംയുക്ത ശ്രമം പാട്ടക്കരാർ നടപടികൾ വേഗത്തിലാക്കാൻ സഹായിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഐടി പാർക്കുകളിലെ സിഎഫ്ഒ, സിഎംഒ, ജനറൽ മാനേജർ (പ്രോജക്ട്സ്), കസ്റ്റമർ റിലേഷൻഷിപ്സ് എജിഎം ഉൾപ്പെടെയുള്ള ടെക്നോപാർക്കിലെ പ്രമുഖ ഉദ്യോഗസ്ഥർ, ലീഗൽലാൻഡ് അക്വിസിഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലോകമാതൃഭാഷാ ദിനാചരണം

## മലയാളം നിഘണ്ടു മൊബൈൽ ആപ്പിന്റെ പ്രവർത്തനോദ്ഘാടനം, ഏകദിന സെമിനാർ നാളെ

തിരുവനന്തപുരം : ലോക മാതൃഭാഷാ ദിനാചരണത്തിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന മലയാളം നിഘണ്ടു മൊബൈൽ ആപ്പിന്റെ പ്രവർത്തനോദ്ഘാടനവും ഏകദിന സെമിനാർ ഉദ്ഘാടനവും നാളെ (ഫെബ്രുവരി 21ന് ബുധനാഴ്ച) രാവിലെ 11.30ന് തിരുവനന്തപുരം തൈക്കാട് ഗവ. റസ്റ്റ് ഹൗസിൽ ഫിഷറീസ്യുവജന കാര്യസാംസ്കാരിക വകുപ്പു മന്ത്രി സജി ചെറിയാൻ നിർവഹിക്കും. വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിക്കും. ചീഫ് സെക്രട്ടറി ഡോ. വി. വേണു ഐ.എ. എസ്. മുഖ്യാതിഥിയാകും. മുൻ ചീഫ് സെക്രട്ടറിയും കെ.പി.ഇ.എസ്.ആർ.ബി. ചെയർമാനുമായ വി.പി. ജോയ് മുഖ്യ പ്രഭാഷണം നടത്തും. ഐ.എം. ജി. ഡയറക്ടർ കെ. ജയകുമാർ, സാംസ്കാരിക വകുപ്പ് ഡയറക്ടർ എൻ. മായ, ഐസിഫോസ് ഡയറക്ടർ സുനിൽ റ്റി. റ്റി. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കും. സാംസ്കാരിക വകുപ്പ് സെക്രട്ടറി മിനി ആന്റണി സ്വാഗതവും ഡയറക്ടർ ഡോ. എം. സത്യൻ നന്ദിയും പറയും.

തുടർന്ന് ഉച്ചക്ക് 1.30ന് മലയാള ഭാഷയും വൈജ്ഞാനിക സമൂഹവും എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിൽ പ്രൊഫ. എം. ശ്രീനാഥൻ, ഡോ. എം. എ. സിദ്ദീഖ്, ഡോ. അച്യുത്ശങ്കർ എസ്. നായർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ജിനേഷ്കുമാർ എരമം മോഡറേറ്ററാകും. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർമാരായ കെ.ആർ.സരിതകുമാരി സ്വാഗതവും ദീപ്തി കെ.ആർ. നന്ദിയും പറയും.

# സാർവദേശീയ മാതൃഭാഷാദിനാഘോഷവും പരിഷ്കരിച്ച പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനവും

തിരുവനന്തപുരം : സാർവദേശീയ മാതൃഭാഷാദിനമായ ഫെബ്രുവരി 21നു കേരളസംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ മാതൃഭാഷാ ദിനാഘോഷവും പരിഷ്കരിച്ച പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനവും സംഘടിപ്പിക്കുന്നു.

സാക്ഷരതാമിഷന്റെ സംസ്ഥാന ഓഫീസ് കോൺഫറൻസ് ഹാളിൽ ബുധനാഴ്ച പകൽ 12.30 ന് നടക്കുന്ന സാർവദേശീയ മാതൃഭാഷാദിനാഘോഷ പരിപാടി പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടിയും പരിഷ്കരിച്ച പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷും നിർവഹിക്കും. ആന്റണി രാജു എംഎൽഎ അധ്യക്ഷനാകുന്ന പരിപാടിയിൽ അഡ്വ.വി കെ പ്രശാന്ത് എംഎൽഎ, കൗൺസിലർ ശ്രീമതി സി എസ് സുജാദേവി എന്നിവർ സന്നിഹിതരാകും. പരിഷ്കരിച്ച പച്ചമലയാളം അടിസ്ഥാനകോഴ്സിന്റെ പാഠപുസ്തകപ്രകാശനവും പരിപാടിയുടെ ഭാഗമായി നടക്കും.

കേരള സംസ്ഥാന സാക്ഷരതാമിഷൻ നിലവിലുണ്ടായിരുന്ന നാലുമാസം ദൈർഘ്യമുള്ള പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് രണ്ടു ഭാഗങ്ങളായി പൂർത്തിയാകുന്ന രീതിയിൽ (പച്ചമലയാളം അടിസ്ഥാന കോഴ്സ്, പച്ചമലയാളം അഡ്വാൻസ് കോഴ്സ്) ഒരു വർഷം ദൈർഘ്യമുള്ള കോഴ്സായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പരിഷ്കരിച്ചു. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് പരിഷ്കരിച്ച പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. സാക്ഷരതാമിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒരു തുല്യതാ കോഴ്സാണ്. സർക്കാർ ജീവനക്കാർക്ക് പത്താം ക്ലാസ് മലയാള പഠനം നിർബന്ധമാണ് എന്ന വസ്തുത കണക്കിലെടുത്താണ് ഈ കോഴ്സിന്റെ പരിഷ്കരണം. 60 മണിക്കൂർ മുഖാമുഖവും 30 മണിക്കൂർ ഓൺലൈനുമായാണ് പച്ചമലയാളം കോഴ്സിന്റെ ക്ലാസുകൾ വിഭാവനം ചെയ്തിരിക്കുന്നത്. പതിനേഴ് വയസ് പൂർത്തിയാക്കിയവർക്കു വേണ്ടി തയ്യാറാക്കിയ അടിസ്ഥാനകോഴ്സിൽ വിജയിക്കുന്നവർക്ക് അഡ്വാൻസ് കോഴ്സിൽ ചേർന്ന് പഠിക്കാം.

മലയാളഭാഷ അനായാസം പ്രയോഗിക്കാൻ അവസരമൊരുക്കുക, മലയാളം പഠിക്കാത്ത വിദ്യാർഥികൾക്ക് മലയാളം പഠിക്കാനും പ്രയോഗിക്കാനുമുള്ള ക്ഷമതയുണ്ടാക്കുക. സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിലെ ഔദ്യോഗിക കൃത്യനിർവഹണത്തിന് മലയാളം അറിയാത്ത ജീവനക്കാരെ അതിന് പ്രാപ്തരാക്കുക. ഇതരസംസ്ഥാനങ്ങളിൽ നിന്നോ, മറ്റ് രാജ്യങ്ങളിൽനിന്നോ വന്ന് കേരളത്തിൽ താമസിക്കുന്നവർക്ക് മലയാളം പഠിക്കാനുള്ള അവസരം നൽകുക എന്നിവയാണ് കോഴ്സിന്റെ ലക്ഷ്യം.

മലയാളഭാഷ, സാഹിത്യം, കല എന്നിവയിൽ അഭിരുചി വളർത്തുക, സൃഷ്ടികൾ ആസ്വദിക്കാനുള്ള വഴിയൊരുക്കുക, ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാള പഠനം സാധ്യമാക്കുക. ഭാഷാസാങ്കേതികവിദ്യയിൽ നൈപുണിയുണ്ടാക്കുക. സമ്പർക്കപഠനം, വായനാശീലം തുടങ്ങിയവയിലൂടെ മലയാളഭാഷയുടെ വ്യാപനവും വളർച്ചയും സാധ്യമാക്കുക, ഭരണനിർവഹണത്തിന്റെ ജനാധിപത്യവൽകരണം നടപ്പാക്കുക, മാതൃഭാഷാപഠനത്തിലൂടെ മാനവവിഭവശേഷി വർധിപ്പിച്ച് നാടിന്റെ വികസനം സാധ്യമാക്കുക, മലയാളഭാഷാപഠനത്തിലൂടെ വൈജ്ഞാനികസമ്പത്ത് വളർത്തുക തുടങ്ങിയവയാണ് പച്ചമലയാളം കോഴ്സിന്റെ മറ്റുലക്ഷ്യങ്ങൾ. പച്ചമലയാളം അടിസ്ഥാന കോഴ്സിന്റെ പാഠപുസ്തകത്തിൽ മലയാളഭാഷ സാഹിത്യം, സംസ്കാരം, കല, കായികരംഗം, മാധ്യമ രംഗം, കേരളത്തിന്റെ ചരിത്രം, പരിസ്ഥിതി, ഭൂപ്രകൃതി. മലയാളിയുടെ ദൈനംദിന ജീവിതവ്യവഹാരങ്ങൾ എന്നിവ ഉൾച്ചേർത്തിരിക്കുന്നു.




*മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ദേശീയ മിഷൻ പരിപാടികളുടെ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം നല്കാൻ തയ്യാറാണെന്ന് സിഎസ്ഐആർഎൻഐഐഎസ് ടി ഡയറക്ടർ ഡോ.സി. അനന്തരാമകൃഷ്ണൻ പറഞ്ഞു.*

# ഗ്രേവാട്ടർ ട്രീറ്റ്മെൻറിനും പുനരുപയോഗത്തിനും പിന്തുണയുമായി സിഎസ്ഐആർഎൻഐഐഎസ് ടി

തിരുവനന്തപുരം: മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ദേശീയ മിഷൻ പരിപാടികളുടെ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം നല്കാൻ തയ്യാറാണെന്ന് സിഎസ്ഐആർഎൻഐഐഎസ് ടി ഡയറക്ടർ ഡോ.സി. അനന്തരാമകൃഷ്ണൻ പറഞ്ഞു.

കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസി (കെആർഡബ്ല്യുഎസ്എ) ഉദ്യോഗസ്ഥരെ ഗ്രേ വാട്ടർ ട്രീറ്റ്മെൻറ് ആൻഡ് മാനേജ്മെൻറിൽ പ്രാപ്തരാക്കുന്നതിനായി സംഘടിപ്പിച്ച ദ്വിദിന പരിപാടിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ചെടുത്ത സാങ്കേതിക വൈദഗ്ധ്യം ഇത്തരം പരിപാടികളിലൂടെ സമൂഹത്തിൻറെ പ്രയോജനത്തിനായി ഉപയോഗപ്പെടുത്താൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

വിവിധ ജില്ലകളിലെ എഴുപതോളം ഉദ്യോഗസ്ഥർ പങ്കെടുത്ത പരിപാടി കെആർഡബ്ല്യുഎസ്എ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ദിനേശൻ സി ഐഎഎസ് ഉദ്ഘാടനം ചെയ്തു.ഗ്രേ വാട്ടർ ട്രീറ്റ്മെൻറിൻറെ വിവിധ വശങ്ങൾ ഉൾപ്പെടുത്തിയുള്ള സാങ്കേതിക സെഷനുകൾക്ക് പുറമെ എൻഐഐഎസ് ടി കാമ്പസിലെ ഗ്രേ വാട്ടർ ട്രീറ്റ്മെൻറ്പുനരുപയോഗ പ്ലാൻറുകളിലേക്കുള്ള സന്ദർശനവും നടത്തി. പരിസ്ഥിതി സാങ്കേതിക വിഭാഗത്തിലെ ശാസ്ത്രജ്ഞരാണ് പരിപാടി ഏകോപിപ്പിച്ചത്.

ഗാർഹികമായും വാണിജ്യപരമായും വ്യാവസായികമായും ഉപയോഗിച്ചു കഴിഞ്ഞ ജലമാണ് ഗ്രേ വാട്ടർ. വാഷിംഗ് മെഷീനുകൾ, ബാത്ത് ടബ്ബുകൾ, ബാത്ത്റൂം സിങ്കുകൾ തുടങ്ങിയവയിൽ നിന്നുള്ള ഇത്തരം മലിനജലത്തെ ശുദ്ധീകരിക്കുന്ന പ്ലാൻറുകൾ എൻഐഐഎസ് ടി യിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കൗൺസിൽ ഓഫ് സയൻറിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചിൻറെ (സി.എസ്.ഐ.ആർ) കീഴിൽ തിരുവനന്തപുരത്തെ പാപ്പനംകോട് പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (എൻ.ഐ.ഐ.എസ്.ടി).

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സംഗീതത്തിലെ വിശ്വപ്രകാശ്

ഹം മെഗാഫൈനലിലെത്തി. പിന്നീട് അദ്ദേഹം സീ കന്നഡയിൽ സാ രേ ഗ മാ പ എന്ന ഗാനം അവതരിപ്പിച്ചു . 2002ൽ ബാസ് എന്ന ചിത്രത്തിലൂടെ ഹിന്ദി സിനിമയിൽ അദ്ദേഹത്തിന് ആദ്യ ബ്രേക്ക് ലഭിച്ചു , എ ആർ റഹ്മാനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ആദ്യ ഗാനം അശുതോഷ് ഗോവാരിക്കറുടെ സ്വദേശ് എന്ന ചിത്രത്തിലായിരുന്നു, തുടർന്ന് അതേ സംഗീതസംവിധായകന്റെ പുതിയ ചിത്രത്തിലെ തമിഴ് ടൈറ്റിൽ ട്രാക്ക് . കന്നഡ സിനിമയായ ഗാലിപതയിലെ 'കവിതേ' എന്ന ഗാനവും പ്രശസ്തമായി.

എ ആർ റഹ്മാന്റെ സംഗീതത്തിൽ കപ്പിൾസ് റിട്രീറ്റ് എന്ന സിനിമ ഉൾപ്പെടെ 25 ഓളം വിദേശ ചിത്രങ്ങൾക്ക് അദ്ദേഹം പിന്നണി ഗാനം ചെയ്തിട്ടുണ്ട് . നോർ സൂപ്പുകൾക്കുള്ള 'കഭി ചത്പതാ', എച്ച്ഡിഎഫ്സി ലൈഫ് ഇൻഷുറൻസിനായി 'നാ സർ ഝുകാ ഹെ കഭി' തുടങ്ങിയ പരസ്യങ്ങൾക്കായി അദ്ദേഹം റെക്കോർഡ് ചെയ്തിട്ടുണ്ട് . 2008ൽ റൂപർട്ട് ഫെർണാണ്ടസ് രചിച്ചതും ബിബിസി വേൾഡ് സർവീസ് ട്രസ്റ്റ് നിർമ്മിച്ചതുമായ 'കോണ്ടം എ കാപെല്ല' എന്ന റിംഗ്ടോൺ അദ്ദേഹം പാടി . 2009ൽ, അദ്ദേഹത്തിന്റെ ഗാനം, 'ജയ് ഹോ' (കോറസ് മാത്രം, സുഖ്‌വീന്ദർ സിംഗ് ആലപിച്ച യഥാർത്ഥ ഗാനം ), 2008 ലെ മികച്ച ഒറിജിനൽ ഗാനത്തിനുള്ള അക്കാദമി അവാർഡ് നേടി.

2009ൽ ഏഷ്യാനെറ്റ് സുവർണയിൽ സംപ്രേഷണം ചെയ്ത കോൺഫിഡന്റ് സ്റ്റാർ സിംഗർ 2 ( കന്നഡ ) യിലെ ജഡ്ജിമാരിൽ ഒരാളായിരുന്നു അദ്ദേഹം.

2009 ലെ തമിഴ് ചിത്രമായ നാൻ കടവുളിലെ പ്രധാന തീം ഗാനമായ 'ഓം ശിവോഹം ' എന്ന സംസ്കൃത ഗാനം അദ്ദേഹം ആലപിച്ചിട്ടുണ്ട് .

2010ൽ, സംഗീതസംവിധായകനായ എആർ റഹ്മാന്റെ കീഴിൽ അദ്ദേഹം ഒരു സ്ഥിരം കലാകാരനായി , ' ഹോസന്ന ' ( വിണ്ണൈത്താണ്ടി വരുവായ , യേ മായ ചെസാവേ ), ' ബീര ബീര , വീര വീര (തമിഴ്, തെലുങ്ക് പതിപ്പുകളിൽ)' ( രാവൺ ) തുടങ്ങിയ നിരവധി ഗാനങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. & രാവണൻ ), 'പവർസ്റ്റാർ' ( കോമരം പുലി ) ' കാതൽ അടുപ്പുകൾ ' ( എന്തിരൻ ). ധ അവലംബം ആവശ്യമാണ് പ

ശിവരാജ്കുമാർ നായകനായ 2013ൽ പുറത്തിറങ്ങിയ കന്നഡ ചിത്രമായ ആന്ദർ ബഹാറിന്റെ സംഗീത സംവിധായകനായാണ് പ്രകാശ് അരങ്ങേറ്റം കുറിച്ചത് .

വിണ്ണൈത്താണ്ടി വരുവായയിലെ 'ഹോസന്ന' എന്ന ഗാനത്തിന് മികച്ച പുരുഷ പിന്നണിക്കുള്ള വിജയ് സംഗീത അവാർഡും അദ്ദേഹം നേടി .

2013ൽ കോക്ക് സ്റ്റുഡിയോ @ എംടിവിയിലെ കലാകാരന്മാരിൽ ഒരാളായി അദ്ദേഹം പ്രത്യക്ഷപ്പെട്ടു .

2013ൽ ഗാനരചയിതാവ് യോഗ്‌രാജ് ഭട്ട് എഴുതിയ 'ഖാലി ക്വാട്ടർ' എന്ന ഗാനം സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. കന്നടയിൽ 'നം ലൈഫ് സ്റ്റോറി' എന്ന ചിത്രത്തിന് വേണ്ടി അദ്ദേഹം പാടിയ 'ഹോഗെ' എന്ന ഗാനവും വൈറലാകുന്നു.

2018ൽ കസ്തൂരി നിവാസ എന്ന ചിത്രത്തിലെ 'ആടിസി നൊടു ബിളിസി നോഡു' എന്ന ഗാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാജകുമാര എന്ന ചിത്രത്തിലെ 'ബോംബെ ഹെലുടൈതേ ' എന്ന ഗാനം ഇൻഡസ്ട്രിയിലെ നിത്യഹരിത ഗാനങ്ങളിലൊന്നായി മാറി. സന്തോഷ് ആനന്ദ്രാമനാണ് ഇത് എഴുതിയത് . 2021ൽ, യുവരത്ന എന്ന സിനിമയിൽ 'പാഠശാല' എന്ന പേരിൽ വിദ്യാർത്ഥിഅധ്യാപക ബന്ധത്തിനായി സമർപ്പിച്ച മറ്റൊരു മാന്ത്രിക ഗാനം ഇരുവരും സൃഷ്ടിച്ചു .

ഇന്ത്യയിലെ ആറ് യുവ പ്രമുഖ കലാകാരന്മാർ പങ്കെടുത്ത നിസാൻ ഇവാലിയ 'മൂവ്സ് ലൈക്ക് മ്യൂസിക്' കാമ്പെയ്നിന്റെ ബ്രാൻഡ് അംബാസഡർ കൂടിയായിരുന്നു പ്രകാശ്.

യുഎസിലെ ബോസ്റ്റണിലുള്ള ബെർക്‌ലീ കോളേജ് ഓഫ് മ്യൂസിക്കിൽ സംഗീത പരിപാടി അവതരിപ്പിക്കാനുള്ള ബഹുമതി ലഭിച്ച ചുരുക്കം ചില ഇന്ത്യൻ സംഗീതജ്ഞരിൽ ഒരാളാണ് അദ്ദേഹം.

# ബിജെപി നൂറ് സീറ്റ് കടക്കില്ല, അധികാരത്തിൽ നിന്ന് പുറത്താക്കപ്പെടും' ഖാർഗെ

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി നൂറ് സീറ്റ് കടക്കില്ലെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. ഭാരത് ജോഡോ ന്യായ് യാത്രയുടെ അമേഠിയിൽ നടന്ന റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 400 സീറ്റ് നേടുകയെന്ന ബിജെപിയുടെ പദ്ധതി നടക്കില്ലെന്നും ഇത്തവണ അധികാരത്തിൽനിന്ന് അവർ പുറത്താക്കപ്പെടുമെന്നും ഖാർഗെ അവകാശപ്പെട്ടു. ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി 370 ഉം എൻഡിഎ 400 ഉം സീറ്റ് നേടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി നിരന്തരം പറയുന്നതിനിടെയാണ് ഖാർഗെയുടെ പരാമർശം.

പദ്ധതികളെല്ലാം കോൺഗ്രസ് തടഞ്ഞുവെച്ചിരിക്കുന്നു എന്നാണ് ഇവിടെയെത്തുമ്പോൾ പ്രധാനമന്ത്രി പറയുക. എന്നാൽ നിങ്ങൾ ഇപ്പോൾ എന്തുചെയ്യുകയാണെന്നാണ് എനിയ്ക്ക് അവരോട് ചോദിക്കാനുള്ളത്. ജനങ്ങൾ ഇതിനെല്ലാം തക്കതായ മറുപടി നൽകും. രാജീവ് ഗാന്ധിയും സോണിയാഗാന്ധിയും രാഹുൽഗാന്ധിയും കഠിനാധ്വാനം ചെയ്ത മണ്ണാണിതെന്നും അമേഠിയിലെ ജനങ്ങൾക്ക് ഗാന്ധികുടുംബവുമായി ആഴത്തിലുള്ള ബന്ധമാണുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, കോൺഗ്രസ് മുൻ ദേശീയ അധ്യക്ഷയും നിലവിൽ റായ്ബറേലിയിൽനിന്നുള്ള ലോക്സഭാംഗവുമായ സോണിയാഗാന്ധി രാജസ്ഥാനിൽനിന്നും രാജ്യസഭയിലേക്ക് നാമനിർദേശപത്രിക സമർപ്പിച്ചുകഴിഞ്ഞു. 2019ലെ തിരഞ്ഞെടുപ്പിൽ ബിജെപിയിലെ ദിനേശ് പ്രതാബ് സിങിനെ 165000 വോട്ടുകൾക്കാണ് സോണിയ പരാജയപ്പെടുത്തിയത്. വരാനിരിക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥിയെ കോൺഗ്രസ് പ്രഖ്യാപിച്ചിട്ടില്ല.

## അഞ്ചുവയസുകാരിക്കു നേരേ ലൈംഗികാതിക്രമം; ഓട്ടോ ഡ്രൈവർക്കു 12 വർഷം തടവും പിഴയും

ചേർത്തല: അഞ്ചുവയസുകാരിക്കുനേരേ ലൈംഗികാതിക്രമം നടത്തിയെന്ന കേസിൽ ഓട്ടോ ഡ്രൈവർക്കു 12 വർഷം തടവും രണ്ടുലക്ഷം രൂപ പിഴയും വിധിച്ച് കോടതി ഉത്തരവ്. മണ്ണഞ്ചേരി പഞ്ചായത്ത് വടക്കനാര്യാട് അജയനെയാണ് (51) ചേർത്തല പ്രത്യേക അതിവേഗ പോക്സോ കോടതി ശിക്ഷിച്ചത്.

2019 സെപ്റ്റംബറിൽ മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തതാണ് കേസ്. അഞ്ചു വയസുള്ള കുട്ടിയെ സ്കൂളിൽ കൊണ്ടുപോയിരുന്ന ഓട്ടോ ഡ്രൈവറാണ് പ്രതി. 2019 സെപ്റ്റംബർ 24ന് സ്കൂളിൽനിന്നും കുട്ടികളെ തിരിച്ചുകൊണ്ടുവരും വഴി ഓട്ടോ മറ്റൊരാളെക്കൊണ്ട് ഓടിപ്പിച്ച് പ്രതി കുട്ടികളോടൊപ്പം പുറകിലിരുന്ന് സഞ്ചരിച്ച് കുട്ടിയുടെ മേൽ ലൈംഗികാതിക്രമം നടത്തിയെന്നാണ് കേസ്. പ്രതിയുടെ പ്രവൃത്തിയിൽ അസ്വസ്ഥയായ കുട്ടി വീട്ടിൽ എത്തിയയുടൻ അമ്മയോട് വിവരം പറയുകയായിരുന്നു. പിഴ അടയ്ക്കാത്ത പക്ഷം രണ്ടു വർഷം തടവുകൂടി അനുഭവിക്കണം.

# തിരുവനന്തപുരത്ത് യുവതിയും കുഞ്ഞും മരിച്ചു, കേസെടുത്ത് പൊലീസ്

തിരുവനന്തപുരം : കാരയ്ക്കാമണ്ഡപത്ത് വീട്ടിൽ പ്രസവിച്ച യുവതിയും കുഞ്ഞും മരിച്ചു. പൂന്തുറ സ്വദേശിനി ഷമീനയും കുഞ്ഞുമാണ് മരിച്ചത്. രക്തസ്രാവത്തെ തുടർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴിയായിരുന്നു മരണം.

വീട്ടിൽവച്ച് പ്രസവമെടുക്കുക എന്നത് വീട്ടുകാരുടെ തീരുമാനമായിരുന്നു എന്നാണ് വിവരം. ചൊവ്വാഴ്ച വൈകിട്ട് 3 മണിയോടെയാണ് പ്രസവം എടുക്കാൻ ആരംഭിച്ചത്. കുഞ്ഞ് ഭാഗികമായി പുറത്തുവന്നെങ്കിലും പിന്നീട് കുടുങ്ങിയതോടെ രക്തസ്രാവമുണ്ടാവുകയായിരുന്നു.

വൈകിട്ട് 5.30 വരെ കുഞ്ഞിനെ പുറത്തെടുക്കാനുള്ള ശ്രമം വീട്ടിൽവച്ച് തുടരുകയായിരുന്നു. ആറു മണിയോടെയാണ് നഗരത്തിലെ സ്വകാര്യ ആശുപത്രിയിൽ യുവതിയെ പ്രവേശിപ്പിച്ചത്. ആശുപത്രിയിൽ എത്തും മുൻപുതന്നെ യുവതിയും കുഞ്ഞും മരിച്ചിരുന്നു. നേമം പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# ഭാര്യയെ തീകൊളുത്തി കൊന്ന സംഭവം; ചികിത്സയിലായിരുന്ന ഭർത്താവും മരിച്ചു

ചേർത്തല (ആലപ്പുഴ) : ജോലിക്കു പോയ ഭാര്യയെ സ്കൂട്ടർ തടഞ്ഞുനിർത്തി പെട്രോൾ ഒഴിച്ച് കത്തിച്ചു കൊലപ്പെടുത്തിയ കേസിൽ പ്രതിയായ ഭർത്താവും മരണത്തിനു കീഴടങ്ങി. കടക്കരപ്പള്ളി 13 ാം വാർഡ് വട്ടക്കര കൊടിയശേരിൽ ശ്യാം ജി.ചന്ദ്രൻ (36) ആണ് മരിച്ചത്. ഭാര്യയെ പെട്രോൾ ഒഴിച്ചു കത്തിക്കുന്നതിനിടെ ഗുരുതരമായി പൊള്ളലേറ്റ ശ്യാം ആലപ്പുഴ മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. ശ്യാമിന് 70 ശതമാനം പൊള്ളലേറ്റിരുന്നു.

ശ്യാമിന്റെ ഭാര്യയും പട്ടണക്കാട് വെട്ടയ്ക്കൽ വലിയവീട്ടിൽ പ്രദീപിന്റെയും ബാലാമണിയുടെയും മകളുമായ ആരതി (32) കഴിഞ്ഞ ദിവസം മരിച്ചിരുന്നു. സ്വകാര്യ ഫാർമസ്യൂട്ടിക്കൽ സ്ഥാപനത്തിലെ ജീവനക്കാരനാണ് ശ്യാം. മൂന്നു മാസം മുൻപ് ഇയാൾ ആത്മഹത്യ ശ്രമം നടത്തിയിരുന്നുവെന്ന് പൊലീസ് പറഞ്ഞു. മക്കൾ: വിശാൽ, സിയ.

കുടുംബപ്രശ്നങ്ങളെ തുടർന്നാണ് ഭാര്യയെ തീകൊളുത്തി കൊലപ്പെടുത്തിയതെന്ന് ശ്യാം മജിസ്ട്രേറ്റിനു മൊഴി നൽകിയിരുന്നു.

# അജീഷിന്റെ വീട്ടിൽ മന്ത്രിമാരെത്തി; മനഃപ്രയാസമറിയിച്ച് കുടുംബം

മാനന്തവാടി: പയ്യമ്പള്ളി പടമല ചാലിഗദ്ദ പനച്ചിയിൽ അജീഷ് കാട്ടാനയുടെ ചവിട്ടേറ്റു മരിച്ചതിന്റെ 11ാം ദിവസം അജീഷിന്റെ വീട്ടിൽ മന്ത്രിമാരെത്തി. മന്ത്രിമാരായ എ.കെ. ശശീന്ദ്രൻ, കെ. രാജൻ, എം.ബി. രാജേഷ് എന്നിവരാണ് ചൊവ്വാഴ്ച വൈകീട്ട് 4.45ഓടെ വീട്ടിലെത്തിയത്. കുടുംബാംഗങ്ങളോടും നാട്ടുകാരോടുമായി സംസാരിച്ച് 5.05ഓടെ മടങ്ങുകയും ചെയ്തു.സംഭവം നടന്നിട്ട് ഇത്ര ദിവസമായിട്ടും കാട്ടാനയെ മയക്കുവെടിവെച്ചു പിടിക്കാത്തതിലുള്ള അമർഷം കുടുംബാംഗങ്ങൾ മന്ത്രിമാരെ അറിയിച്ചു. 'എന്റെ കൊച്ചാ പോയത്. വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലിറങ്ങിയാൽ ജനത്തിനു ജീവിക്കാൻ കഴിയില്ല, ഇതിനു പരിഹാരമുണ്ടാകണം' അജീഷിന്റെ അച്ഛൻ ജോസഫ് ആവശ്യപ്പെട്ടു. വനാർതിർത്തിയോടു ചേർക്കുന്ന പ്രദേശങ്ങളിൽ കന്നുകാലി വളർത്തുന്നതിൽ നിയന്ത്രണം കൊണ്ടുവരുന്നത് അംഗീകരിക്കാനാവില്ലെന്നും ഇനി വന്യജീവികൾ നാട്ടിലിറങ്ങി കൃഷി നശിപ്പിച്ചാൽ ഒന്നും നോക്കാതെ വെടിവെച്ചു കൊല്ലുമെന്നും അജീഷിന്റെ അച്ഛന്റെ സഹോദരൻ ബേബി പറഞ്ഞു. കന്നുകാലികളെ വളർത്തുന്നതിനു സർക്കാർ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലെന്ന് മന്ത്രി കെ. രാജൻ മറുപടി പറഞ്ഞു. സർവകക്ഷി ചർച്ചയിൽ പല അഭിപ്രായങ്ങളും വന്നകൂട്ടത്തിൽ വന്ന അഭിപ്രായമാണതെന്നും സർക്കാർ അത് അംഗീകരിച്ചിട്ടില്ലെന്നും അങ്ങനെയൊരു തീരുമാനം സർക്കാർ കൈക്കൊള്ളില്ലെന്നും മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

വന്യജീവികളുടെ വോട്ട് നേടിയല്ല ആരും ജയിച്ചതെന്നും വന്യജീവികളോടാണ് കൂടുതൽ ഇഷ്ടമെങ്കിൽ വോട്ടുതേടി ആരും ജനങ്ങളുടെ അടുത്തേക്ക് വരരുതെന്നും നാട്ടുകാരാനായ ജോളി പറഞ്ഞു. വനംവാച്ചർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് പടക്കവും വടിയും മാത്രം കൊടുത്താൽ പോരെന്നും ആത്മരക്ഷാർഥം തോക്കു നൽകണമെന്നും തോക്കു നൽകിയിരുന്നെങ്കിൽ പുല്പള്ളി പാക്കത്തെ വനംവകുപ്പ് താത്കാലിക ജീവനക്കാരനായ പോളിനു ജീവൻ നഷ്ടമാവുമായിരുന്നില്ലെന്നും അജീഷിന്റെ മകൾ അൽന പറഞ്ഞു.

കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച തോട്ടംസൂക്ഷിപ്പുകാരൻ തോല്പെട്ടി ബാർഗിരി എസ്റ്റേറ്റ് കോളനിയിലെ ലക്ഷ്മണന്റെ കുടുംബത്തിനുള്ള സഹായവും മന്ത്രിമാരെത്തി കൈമാറി. തോൽപെട്ടി സി.എ.എൽ.പി. സ്കൂളിൽ നടന്ന ചടങ്ങിൽ ലക്ഷ്മണന്റെ സഹോദരി ചോമി മന്ത്രി എ.കെ. ശശീന്ദ്രനിൽനിന്നു പത്തുലക്ഷം രൂപയുടെ ചെക്ക് സ്വീകരിച്ചു. ഒ.ആർ. കേളു എം.എൽ.എ, കളക്ടർ ഡോ. രേണുരാജ്, സബ് കളക്ടർ മിസൽ സാഗർ ഭരത്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, വൈസ് പ്രസിഡന്റ് എ.കെ. ജയഭാരതി, തിരുനെല്ലി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പി.വി. ബാലകൃഷ്ണൻ, ഡി.എഫ്.ഒ. മാരായ കെ.ജെ. മാർട്ടിൻ ലോവൽ, എ. ഷജ്ന, സി.പി.എം. ജില്ലാ സെക്രട്ടറി പി. ഗഗാറിൻ, സി.പി.ഐ. ജില്ലാ സെക്രട്ടറി ഇ.ജെ. ബാബു, എൻ.സി.പി ജില്ലാ പ്രസിഡന്റ് ഷാജി ചെറിയാൻ എന്നിവർ വിവിധയിടങ്ങളിൽ മന്ത്രിമാരെ അനുഗമിച്ചു.

# 23 തദ്ദേശവാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 22 വ്യാഴാഴ്ച

സംസ്ഥാനത്തെ 23 തദ്ദേശ വാർഡുകളിൽ ഫെബ്രുവരി 22 ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

വോട്ടെടുപ്പ് വ്യാഴാഴ്ച രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ്. സമ്മതിദായകർക്ക് വോട്ട് ചെയ്യുന്നതിന് തിരിച്ചറിയൽ രേഖകളായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽക്കൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറ് മാസ കാലയളവിന് മുൻപുവരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവ ഉപയോഗിക്കാം.

പത്ത് ജില്ലകളിലായി ഒരു കോർപ്പറേഷൻ വാർഡിലും നാല് മുനിസിപ്പാലിറ്റി വാർഡുകളിലും 18 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ആകെ 88 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. അതിൽ 33 പേർ സ്ത്രീകളാണ്.ഉപതിരഞ്ഞെടുപ്പ് നടക്കുന്ന 23 വാർഡുകളിലെ അന്തിമ വോട്ടർ പട്ടികയിൽ ആകെ 32,512 വോട്ടർമാരാണുള്ളത്. 15,298 പുരുഷൻമാരും 17,214 സ്ത്രീകളും. വോട്ടർ പട്ടിക www.sec.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്.

വോട്ടെടുപ്പിന് 41 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. പോളിംഗ് ഉദ്യോഗസ്ഥർക്ക് പരിശീലനം പൂർത്തിയായി. ബാലറ്റ് പേപ്പറുകൾ അച്ചടിച്ച് വരണാധികാരികൾക്ക് കൈമാറി. വോട്ടിംഗ് മെഷീനുകൾ സജ്ജമാക്കിയിട്ടുണ്ട്. പോളിംഗ് സാധനങ്ങൾ ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുൻപ് സെക്ടറൽ ഓഫീസർമാർ അതത് പോളിംഗ് ബൂത്തുകളിൽ എത്തിക്കും. ഉദ്യോഗസ്ഥർ പോളിംഗ് ബൂത്തിൽ ഹാജരായി അവ കൈപ്പറ്റണം. മോക്ക് പോൾ വോട്ടെടുപ്പ് ദിവസം രാവിലെ 6 മണിക്ക് നടത്തും.

ക്രമസമാധാനപാലനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നബാധിതബൂത്തുകളിൽ പ്രത്യേക പോലീസ് സുരക്ഷ ഏർപ്പെടുത്തും.

വോട്ടെണ്ണൽ ഫെബ്രുവരി 23 ന് രാവിലെ 10 ന് വിവിധ കേന്ദ്രങ്ങളിൽ നടത്തും. വോട്ടെണ്ണൽ ഫലം www.sec.kerala.gov.in സൈറ്റിലെ TREND ൽ ലഭ്യമാകും.

സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതത് തദ്ദേശസ്ഥാപന സെക്രട്ടറിക്കാണ് നൽകേണ്ടത്. ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകമാണ് ചെലവ് കണക്ക് സമർപ്പിക്കേണ്ടത്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകൾ ജില്ലാടിസ്ഥാനത്തിൽ

തിരുവനന്തപുരം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ 64. വെള്ളാർ,

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 13. കുന്നനാട്,

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 06. കോവിൽവിള,

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ 08.അടയമൺ

കൊല്ലം ചടയമംഗലം ഗ്രാമപഞ്ചായത്തിലെ 10.കുരിയോട്

പത്തനംതിട്ട

നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ 09.കടമ്മനിട്ട

ആലപ്പുഴ

വെളിയനാട് ഗ്രാമപഞ്ചായത്തിലെ 08.കിടങ്ങറ ബസാർ തെക്ക്

ഇടുക്കി മൂന്നാർ ഗ്രാമപഞ്ചായത്തിലെ 11.മൂലക്കട,

മൂന്നാർ ഗ്രാമപഞ്ചായത്തിലെ 18.നടയാർ

എറണാകുളം

എടവനക്കാട് ഗ്രാമപഞ്ചായത്തിലെ 11.നേതാജി,

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ 14.കൽപ്പക നഗർ

തൃശ്ശൂർ

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ 07.പതിയാർകുളങ്ങര

പാലക്കാട്

ചിറ്റൂർ തത്തമംഗലം മുനിസിപ്പൽ കൗൺസിലിലെ 06.മുതുകാട്,

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ 08.പൂക്കോട്ടുകാവ് നോർത്ത്, എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ 14. പിടാരിമേട്, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ 16. നരിപ്പറമ്പ്

# ബിജെപിക്ക് വൻ തിരിച്ചടി; ചണ്ഡിഗഢ് മേയറായി എഎപി അംഗം ജയിച്ചതായി പ്രഖ്യാപിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: ചണ്ഡീഗഢ് മേയർ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് കനത്ത തിരിച്ചടി. ബി.ജെ.പി. സ്ഥാനാർഥി ജയിച്ചെന്ന് പ്രഖ്യാപിച്ച തിരഞ്ഞെടുപ്പിൽ അസാധുവാക്കി മാറ്റിവെച്ച എട്ട് വോട്ട് സാധുവായി കണ്ടെത്തിയ സുപ്രീംകോടതി അത് എണ്ണാൻ ആവശ്യപ്പെടുകയായിരുന്നു. ഇതോടെയാണ് ഇന്ത്യ സഖ്യത്തിന്റെ സ്ഥാനാർഥിയായി മത്സരിച്ച എഎപി അംഗം മേയറായി തിരഞ്ഞെടുക്കപ്പെട്ടത്. 16നെതിരെ 20 വോട്ടുകൾക്കായിരുന്നു ഇന്ത്യ സഖ്യത്തിന്റെ സ്ഥാനാർഥി കുൽദീപ് കുമാറിന്റെ ജയം.

ബി.ജെ.പി. സ്ഥാനാർത്ഥി മനോജ് ഷൊങ്കർ വിജയിച്ചെന്ന വരണാധികാരിയുടെ പ്രഖ്യാപനം സുപ്രീംകോടതി റദ്ദാക്കി. വിവാദ തെരഞ്ഞെടുപ്പിന്റെ വരണാധികാരി ആയിരുന്ന അനിൽ മസീഹിന് സുപ്രീം കോടതി കാരണം കാണിക്കൽ നോട്ടീസ് നൽകി. വരണാധികാരി അനിൽ മസീഹ് അസാധുവാക്കിയ എട്ട് വോട്ടുകളും സുപ്രീം കോടതി എണ്ണി. വീണ്ടും വോട്ടെടുപ്പ് നടത്താമെന്ന ചണ്ഡീഗഢ് ഭരണകൂടത്തിന്റെ നിർദേശം തള്ളിക്കൊണ്ടായിരുന്നു സുപ്രീം കോടതിയുടെ അസാധാരണ നീക്കം ഉണ്ടായത്.

മേയർ തെരഞ്ഞെടുപ്പിലെ എട്ട് വോട്ടുകൾ അസാധുവാണെന്ന് വരണാധികാരി അനിൽ മസീഹ് പ്രഖ്യാപിച്ചിരുന്നു. ബി.ജെ.പി. സ്ഥാനാർഥിക്ക് 16 വോട്ടുകളും കോൺഗ്രസ്എ.എ.പി. സ്ഥാനാർഥിക്ക് 12 വോട്ടും ആയി. എന്നാൽ അസാധുവാക്കിയ ഈ എട്ട് വോട്ടുകളും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഇന്ന് പരിശോധിച്ചു. തുടർന്ന് എട്ട് വോട്ടുകളും സാധുവാണെന്ന് കോടതി വ്യക്തമാക്കി. സുപ്രീം കോടതി സാധുവാണെന്ന് വിധിച്ച 8 വോട്ടുകളും എഎപി കോൺഗ്രസ് സ്ഥാനാർത്ഥിക്ക് ലഭിച്ചു. ഇതോടെയാണ് കുൽദീപ് കുമാർ വിജയി ആണെന് സുപ്രീംകോടതി വിധിച്ചത്

തിരഞ്ഞെടുപ്പ് നടന്ന ദിവസത്തെ വീഡിയോ ദൃശ്യങ്ങൾ കോടതി കണ്ടു, ഇതിന് ശേഷമാണ് വരണാധികാരിയായിരുന്ന അനിൽ മസീഹിന് സുപ്രീം കോടതി കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. നടപടി എടുക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ മൂന്നാഴ്ചയ്ക്കുള്ളിൽ അറിയിക്കാൻ കോടതി മസീഹിനോട് നിർദേശിച്ചു.

കോൺഗ്രസ്ആംആദ്മി പാർട്ടി സഖ്യത്തിന്റെ എട്ടു വോട്ടുകൾ അസാധുവാക്കിയതിന് പിന്നാലെ, തിരഞ്ഞെടുപ്പിലെ തിരിമറി ചോദ്യംചെയ്ത് ആം ആദ്മി പാർട്ടിയുടെ കൗൺസിലറായ മേയർസ്ഥാനത്തേക്ക് മത്സരിച്ച കുൽദീപ് കുമാർ നൽകിയ ഹർജിയിലായിരുന്നു സുപ്രീകോടതി വിധി.

ഇതിനിടെ, വലിയ സംഭവവികാസങ്ങളാണ് ചണ്ഡീഗഢിൽ നടന്നത്. ജയിച്ചെന്ന് പ്രഖ്യാപിക്കപ്പെട്ട ബി.ജെ.പിയുടെ മേയർ മനോജ് സോങ്കർ രാജിവെച്ചിരുന്നു.

# വയനാട്ടിൽ വന്യജീവി ശല്യം പരിഹരിക്കാൻ നിർദേശങ്ങളുമായി ജനപ്രതിനിധികളുടെ യോഗം

വയനാട്: വയനാട്ടിൽ വന്യജീവി ശല്യം പരിഹരിക്കാനുള്ള നിർദേശങ്ങൾ മുന്നോട്ടുവച്ച് മന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന തദ്ദേശ ജനപ്രതിനിധികളുടെ യോഗം. വനം, റവന്യു, തദ്ദേശ മന്ത്രിമാരുടെ നേതൃത്വത്തിലാണ് വയനാട്ടിൽ യോഗം ചേർന്നത്.

വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സ്വകാര്യ ആശുപത്രിയിലടക്കം ചികിത്സയ്ക്ക് ചെലവാകുന്ന തുക സംസ്ഥാനം വഹിക്കുമെന്ന് മന്ത്രിമാർ യോഗത്തിൽ ഉറപ്പുനൽകി.

കൂടാതെ, കളക്ടറുടെ ഏകോപനത്തിൽ, വന്യജീവി ആക്രമണം തടയുന്നതിൻറെ ഭാഗമായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ജനകീയ സമിതി രൂപീകരിക്കാനും തീരുമാനമായി. രണ്ടാഴ്ച കൂടുമ്പോൾ യോഗം ചേർന്ന് സ്ഥിതി വിലയിരുത്തും.

വനമേഖലയിൽ കൂടുതൽ ഡ്രോണുകളെ വിന്യസിച്ച് നിരീക്ഷണം തുടരാനും തീരുമാനമായി. വനമേഖലയിൽ 250 പുതിയ നിരീക്ഷണ കാമറകൾ സ്ഥാപിക്കാൻ ഇതിനോടകം നടപടി തുടങ്ങി. അതിർത്തി മേഖലയിൽ 13 പട്രോളിംഗ് സ്ക്വാഡുകളെ നിയോഗിച്ചുവെന്നും മന്ത്രിമാർ പറഞ്ഞു.

# മുഖ്യമന്ത്രി വയനാട്ടിലെത്തണം; സർവകക്ഷി യോഗം ബഹിഷ്കരിച്ച് പ്രതിപക്ഷം

വയനാട്: വന്യജീവി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ വയനാട്ടിൽ വനംമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന സർവകക്ഷി യോഗം ബഹിഷ്കരിച്ച് പ്രതിപക്ഷം. വയനാട്ടിലേക്ക് തിരിഞ്ഞ് പോലും നോക്കാത്ത വനംമന്ത്രി എ. കെ. ശശീന്ദ്രനുമായി ചർച്ചയ്ക്കില്ലെന്നും മുഖ്യമന്ത്രി വയനാട്ടിലെത്തണമെന്നും എംഎൽഎമാരായ ഐ. സി. ബാലകൃഷ്ണനനും ടി. സിദ്ദിഖും പറഞ്ഞു.

നിയമസഭയിൽ വയനാട്ടിലെ പ്രശ്നം അവതരിപ്പിച്ചപ്പോൾ വിഷയാവതരണം കേട്ട് ലജ്ജ തോന്നുന്നെന്ന് പറഞ്ഞയാളാണ് വനംമന്ത്രി. ആ സാഹചര്യത്തിൽ മന്ത്രിയോടൊപ്പമിരുന്ന് ചർച്ച നടത്താൻ കഴിയില്ല. മരിച്ചവർക്ക് ഒരു അനുശോചനം പോലും രേഖപ്പെടുത്താതെയാണ് യോഗം ആരംഭിച്ചതെന്നും പ്രതിപക്ഷം വിമർശിച്ചു.

മരണമടഞ്ഞവരുടെ വീട് പോലും സന്ദർശിക്കാത്ത മന്ത്രിയോടപ്പമിരുന്ന് ചർച്ച നടത്തുന്നത് എങ്ങനെയാണെന്നും എംഎൽഎമാർ ചോദിച്ചു. വന്യജീവി ആക്രമണം ഇത്രയധികം വർധിച്ചിട്ടും മന്ത്രി വയനാട്ടിലെത്താൻ തയാറായില്ല.

ഇന്ന് രണ്ട് മന്ത്രിമാരുടെ എസ്കോർട്ടോടെയാണ് ശശീന്ദ്രൻ എത്തിയത്. ഒറ്റയ്ക്ക് വരാൻ കഴിയാത്തതുകൊണ്ടാണ് മറ്റ് മന്ത്രിമാരെ കൂട്ടി വന്നതെന്നും പ്രതിപക്ഷം വിമർശിച്ചു.

മുഖ്യമന്ത്രി വയനാട്ടിൽ നേരിട്ടെത്തി ചർച്ച നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും ഇവർ ആവശ്യപ്പെട്ടു.